# തുഞ്ചത്തെഴുത്തച്ഛൻ
# മലയാളം സർവകലാശാല

# ഓഡിറ്റ് റിപ്പോർട്ട്
# 2021-22

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**കേരള സർക്കാർ**

കെ.എസ്.എ.ടി.ഇ.എം.യു./എം/285/2023

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലയാളം സർവ്വകലാശാല ഓഡിറ്റ്

തിരൂർ, മലപ്പുറം - 676 502

ഇമെയിൽ : temuty.ksad@kerala.gov.in

തീയതി: 05.02.2024

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ
തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല
തിരൂർ

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – മലയാളം സർവകലാശാല ഓഡിറ്റ് –2021-22 സാമ്പത്തികവർഷത്തെ വാർഷികകണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരം തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ 2021-22 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു. 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15(1)-ആം വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി

കെ.എസ്.എ.ടി.ഇ.എം.യു/എം3/285 /2023 തീയതി: 05.02.2024

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2021-22 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*[2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII വകുപ്പ് 44(2), 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]*

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരമാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2021-22 വർഷത്തെ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15(1) വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ ജലീൽ കെ., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി ടി.പി. സൽമത്ത് ഓഡിറ്റ് ഓഫീസർ |
| | ശ്രീ മിലാഷ് സി.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷജീർ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഖാലിദ പി. ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.01.2023 മുതൽ 31.12.2023 വരെ |

**നിർവഹണാധികാരികൾ**

| | |
|---|---|
| വൈസ് ചാൻസലർ | ഡോ. വി. അനിൽ കുമാർ (01.04.2021 മുതൽ 31.03.2022 വരെ) |
| രജിസ്ട്രാർ | ഡോ. ഷൈജൻ ഡി. (01.04.2021 മുതൽ 12.07.2021 വരെ) |

| | |
|---|---|
| | ഡോ. റെജിമോൻ പി.എം. (ഇൻ ചാർജ്ജ്)<br><br>(13.07.2021 മുതൽ 31.03.2022 വരെ) |
| പരീക്ഷാ കൺട്രോളർ | ഡോ. റെജിമോൻ പി.എം.<br><br>(01.04.2021 മുതൽ 31.03.2022 വരെ) |
| ഫിനാൻസ് ഓഫിസർ | ശ്രീമതി മരിയറ്റ് തോമസ്<br><br>(01.04.2021 മുതൽ 31.03.2022 വരെ) |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡിക | പേജ് നം. |
|---|---|---|---|
| | | ഭാഗം 1 – പൊതു അവലോകനം | |
| 1 | 1-1 | പൊതുവായ വിവരങ്ങൾ | 6 |
| 2 | 1-2-1 | ബജറ്റ് | 7 |
| 3 | 1-2-2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ | 7 |
| 4 | 1-2-3 | വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശങ്ങൾ | 7 |
| 5 | 1-2-4 | സർവകലാശാലയുടെ തനത് ഫണ്ട് - വരവ് ചെലവ് വിവരങ്ങൾ | 8 |
| 6 | 1-2-5 | സംസ്ഥാനസർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം | 9 |
| 7 | 1-2-6 | സർക്കാരിതര പദ്ധതി ധനസഹായം | 9 |
| 8 | 1-2-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 10 |
| 9 | 1-2-8 | സ്ഥിരനിക്ഷേപങ്ങൾ | 10 |
| 10 | 1-2-9 | സാമ്പത്തികനില | 10 |
| 11 | 1-2-10 | വിനിയോഗസാക്ഷ്യപത്രങ്ങൾ | 10 |
| 12 | 1-2-11 | എൻഡോവ്മെന്റുകൾ/ചെയറുകൾ എന്നിവയുടെ വിവരം | 10 |
| | | 1-3 ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | 1-3-1 | ഫീ ഇനങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല. | 10 |
| 14 | 1-3-2 | ടെണ്ടർ ഫോറം വില ഈടാക്കിയില്ല | 12 |
| 15 | 1-3-3 | സാഹിത്യപ്രവർത്തകസഹകരണസംഘം മുഖേനയുള്ള പുസ്തകങ്ങളുടെ വിപണനം - അപാകതകൾ | 13 |
| 16 | 1-3-4 | ലെയ്സൺ ഓഫിസറുടെ നിയമനകാലാവധി നീട്ടിയത് - സാധൂകരണം ലഭ്യമാക്കിയില്ല | 15 |
| 17 | 1-3-5 | പരീക്ഷാകൺട്രോളർക്ക് അധികതുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ് | 17 |
| 18 | 1-3-6 | എൻ.പി.എസ്. വിഹിതം അധികമായി അടവാക്കി | 19 |
| 17 | 1-3-7 | ജി.പി.എഫ്. ചട്ടങ്ങൾ പ്രകാരമുള്ള വരിസംഖ്യ ഈടാക്കിയില്ല | 20 |
| 18 | 1-3-8 | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി - നിർദ്ദിഷ്ട വരിസംഖ്യ ഈടാക്കിയില്ല | 21 |

| | | | |
|---|---|---|---|
| 19 | 1-3-9 | മുൻകൂറായി നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 23 |
| 20 | 1-3-10 | പ്രത്യേക യാത്രാബത്ത അനുവദിച്ചത് - രേഖകളിൽ പൊരുത്തക്കേടുകൾ - തുക തടസപ്പെടുത്തുന്നു | 25 |
| 21 | 1-3-11 | യാത്രാബത്ത ബില്ലുകളിൽ അശ്രദ്ധമായി നടപടികൾ സ്വീകരിക്കുന്നു | 26 |
| 22 | 1-3-12 | ആസ്ഥാന മന്ദിര നിർമ്മാണം - കോസ്റ്റ്ഫോർഡുമായി ചമച്ച കരാർ - അപാകതകൾ | 27 |
| 23 | 1-3-13 | നഷ്ടപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ - തുടർനടപടികളുടെ വിശദവിവരം ലഭ്യമല്ല | 27 |
| 24 | 1-3-14 | സേവനവേതനവ്യവസ്ഥകൾ സമയബന്ധിതമായി ക്രമപ്പെടുത്തിയില്ല | 28 |
| 25 | 1-3-15 | അധ്യാപകജീവനക്കാരുടെ സേവനപുസ്തകങ്ങൾ കാലികമാക്കിയിട്ടില്ല | 30 |
| 26 | 1-3-16 | പുതിയ വാഹനം - ഇൻഷ്വറൻസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന അടവാക്കുന്നു | 31 |
| 27 | 1-3-17 | പ്രവേശന പരീക്ഷ – 2021-22 – അധ്യാപകർക്ക് വേതനം നൽകിയത് യു.ജി.സി. റഗുലേഷന് വിരുദ്ധം | 31 |
| 28 | 1-3-18 | പ്രോവിഡണ്ട് ഫണ്ട് സബ്സ്ക്രിപ്ഷൻ കുടിശ്ശിക ക്രമീകരിച്ചില്ല | 32 |
| 29 | 1-3-19 | പെൻഷൻ ഫണ്ട് - കണക്കുകൾ ലഭ്യമല്ല | 32 |
| 30 | 1-3-20 | ഡിജിറ്റൈസേഷൻ - ആദ്യഘട്ട പ്രവൃത്തി - വിശദ വിവരങ്ങൾ ലഭ്യമല്ല | 32 |
| 31 | 1-3-21 | പുസ്തകങ്ങളുടെ അച്ചടിക്കൂലി - സാക്ഷ്യപത്രം ഹാജരാക്കിയില്ല | 33 |
| 32 | 1-3-22 | വനിതാ ഹോസ്റ്റൽ -വിദ്യാഭ്യാസ ഇതര ആവശ്യങ്ങൾക്കുള്ള കൺസ്യൂമർ നമ്പറുകളിൽ തുടരുന്നു | 33 |
| 33 | 1-3-23 | GPAIS അംഗത്വം - നിർവഹണത്തിലെ അപാകതകൾ | 35 |
| **ഭാഗം 2 – വരവിനങ്ങളിലെ വ്യക്തമായ നഷ്ടം** | | | |
| ഇല്ല | | | |
| **ഭാഗം 3 – ചെലവിനങ്ങളിലെ വ്യക്തമായ നഷ്ടം** | | | |
| 34 | 3-1 | പരീക്ഷാ നടത്തിപ്പ് - അനുബന്ധ ജോലിയ്ക്ക് അധികവേതനം നൽകിയത് ക്രമവിരുദ്ധം | 35 |
| 35 | 3-2 | അവധിശമ്പളം ഇനത്തിൽ അധികം തുക നൽകി | 36 |
| 36 | 3-3 | അധികനിരക്കിൽ മൈലേജ് അലവൻസ് അനുവദിച്ചത് നിരാകരിക്കുന്നു | 37 |
| ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | | | |
| 37 | 4-1 | ഓഡിറ്റ് ചാർജ് | 37 |
| 38 | 4-2 | ഓഡിറ്റ് പ്രത്യവലോകനം | 38 |
| 39 | 4-3 | ഓഡിറ്റ് ഇംപാക്റ്റ് | 40 |
| 40 | 4-4 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 40 |

| | | | |
|---|---|---|---|
| 41 | അനുബന്ധം 1 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ | 41 |
| 42 | അനുബന്ധം 2 | സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ കൈവശമുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ | 43 |


# ഭാഗം –1

## പൊതു അവലോകനം

### 1-1 പൊതുവായ വിവരങ്ങൾ

12.10.2012ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 501/2012/ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രകാരം 2012 നവംബർ 1 കേരളപ്പിറവി ദിനത്തിലാണ് മലപ്പുറം ജില്ലയിലെ തിരൂരിൽ മലയാളത്തിന്റെ ഭാഷാപിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിലുള്ള മലയാളം സർവകലാശാല സ്ഥാപിതമായത്. 07.08.2013 മുതൽ തിരൂർ താലൂക്കിലെ വാക്കാട്ടുള്ള സർവകലാശാലക്ക് വേണ്ടി സർക്കാർ താൽക്കാലികമായി അനുവദിച്ച അഞ്ച് ഏക്കർ സ്ഥലത്ത് നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. മാതൃഭാഷാഭിമാനം വളർത്താനും മലയാളിസമൂഹത്തിനിടയിൽ നിരവധി പഠനങ്ങൾ നിർവഹിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ സർവകലാശാല സ്ഥാപിച്ചിട്ടുള്ളത്. സാഹിത്യം, ശാസ്ത്രം, മാനവികവിഷയങ്ങൾ, സാമൂഹ്യശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെല്ലാം മലയാളമാധ്യമത്തിലൂടെ പഠിപ്പിക്കുക, മലയാളഭാഷ, താരതമ്യസാഹിത്യം, മലയാളവിമർശനം, സംസ്കാര-പൈതൃകം, ദക്ഷിണേന്ത്യൻ ഭാഷകളുടെ ലിപിപരിണാമം, ഗോത്രഭാഷകൾ, പ്രാദേശികഭാഷകൾ, മലയാളകവിത, ചെറുകഥ, നോവൽ, കേരളീയ നവോത്ഥാനം, ചരിത്രം, കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം, പുരാതത്വവിജ്ഞാനം, മ്യൂസിയപഠനം, പരിഭാഷ എന്നിവയെല്ലാം മുൻനിർത്തി സവിശേഷപഠനങ്ങൾ നിർവഹിക്കുക എന്നിവയും ഈ സർവകലാശാലയുടെ സ്ഥാപിതലക്ഷ്യങ്ങളാണ്. മലയാളഭാഷാ മാധ്യമത്തിലൂടെ ബിരുദാനന്തരബിരുദ കോഴ്സുകളും ഗവേഷണ കോഴ്സുകളും നിർവഹിക്കാനുള്ള സൗകര്യമാണ് സർവകലാശാല ഒരുക്കുന്നത്. കേരളത്തിൻറെ സാംസ്കാരിക – ബൗദ്ധിക പാരമ്പര്യത്തിന് ഊന്നൽ നൽകിയാണ് മേൽപ്പറഞ്ഞ കോഴ്സുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. എം.എ. ഭാഷാശാസ്ത്രം, എം.എ. മലയാളം സാഹിത്യപഠനം, എം.എ. മലയാളം സംസ്കാരപൈതൃകപഠനം, എം.എ. പരിസ്ഥിതിപഠനം, എം.എസ്‌സി. പരിസ്ഥിതിപഠനം, എം.എ. മലയാളം സാഹിത്യരചന, എം.എ. വികസനപഠനവും തദ്ദേശവികസനവും, എം.എ. ചരിത്രപഠനം, എം.എ. സോഷ്യോളജി, എം.എ. ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ, എം.എ. ചലച്ചിത്രപഠനം, എം.എ. താരതമ്യസാഹിത്യ – വിവർത്തനപഠനം എന്നീ ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകളാണ് 2021 പ്രവേശനം മുതൽ സർവകലാശാലയിൽ നിലവിലുള്ളത്. ഭാഷാശാസ്ത്രം, സാഹിത്യഫാക്കൽറ്റി, സംസ്കാരപൈതൃകപഠനം, മാധ്യമപഠനം, ചലച്ചിത്രപഠനം, പരിസ്ഥിതിപഠനം, തദ്ദേശവികസനപഠനം എന്നീ പഠനവിഭാഗങ്ങളിൽ ഗവേഷണപ്രോഗ്രാമുകളും സർവകലാശാലയിൽ നിലവിലുണ്ട്. കേരളത്തിൻറെ സാംസ്കാരികമായ ഈടുവെപ്പുകൾ ശേഖരിക്കുക, സംരക്ഷിക്കുക, അവതരിപ്പിക്കുക എന്നിവയും സർവകലാശാല അതിൻറെ പ്രധാന ദൗത്യമായി പരിഗണിക്കുന്നു. മാത്രമല്ല പുതിയ വിവരസാങ്കേതിക വിദ്യക്കനുഗുണമായി മലയാളത്തെ വികസിപ്പിക്കാനുള്ള പദ്ധതികളും സർവകലാശാലയുടെ പരിപ്രേക്ഷ്യത്തിൽ വരുന്നതാണ്.

സർവകലാശാലക്ക് സ്ഥിരം ക്യാമ്പസ് സ്ഥാപിക്കുന്നതിന് വെട്ടം ഗ്രാമപഞ്ചായത്തിലെ മാങ്ങാട്ടിരി എന്ന സ്ഥലത്ത് 4.13 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തീകരിച്ചിരുന്നു. ഈ ഭൂമിയിൽ സർവകലാശാലക്ക് വേണ്ടി കെട്ടിടം നിർമിക്കുന്നതിനായി 20.11.2020 ന് കോസ്റ്റ്ഫോഡുമായി കരാറിൽ എർപ്പെടുകയും 19200 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടസമുച്ചയം പണിയുന്നതിനുള്ള മാസ്റ്റർ പ്ലാൻ കോസ്റ്റ്ഫോഡ് 08.11.2022ന് സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സ്ഥിരം ആസ്ഥാനം എന്ന ലക്ഷ്യം ഇനിയും യാഥാർത്ഥ്യമാകാത്തത് സർവകലാശാലയുടെ പൂർണ്ണാർത്ഥത്തിലുള്ള വികാസത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അക്ഷരം ക്യാമ്പസ് എന്ന് നാമകരണം ചെയ്ത താൽക്കാലികക്യാമ്പസിൽ ഒരു സർവകലാശാലക്ക് അനുയോജ്യമായ രൂപഭംഗിയോടും സൌകര്യങ്ങളോടും കൂടി രൂപകല്പന ചെയ്ത ഭരണവിഭാഗ – അക്കാദമിക വിഭാഗം കെട്ടിടങ്ങൾ, റഫറൻസ് സൌകര്യത്തോട് കൂടിയുള്ള മികച്ച ലൈബ്രറി, ചെറുതെങ്കിലും മികച്ച സൌകര്യങ്ങളുള്ള തിയേറ്റർ, വിപുലമായ കോൺഫറൻസ് ഹാൾ, മ്യൂസിയം എന്നിവ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ താൽക്കാലികക്യാമ്പസിന് പുറത്ത് സർവകലാശാല വാടകക്ക് എടുത്ത സ്വകാര്യകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്.

സർവകലാശാലയുടെ പരമാധികാരസഭയായ പൊതുസഭ, സർവകലാശാല നിയമം, സ്റ്റാറ്റ്യൂട്ട്, റെഗുലേഷനുകൾ, ഓർഡിനൻസുകൾ എന്നിവയുടെ പരിധിയിൽ നിന്നുകൊണ്ട് ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾ നടത്താൻ ചുമതലപ്പെട്ട സമിതിയായ നിർവാഹകസമിതി, ഉന്നതനിലവാരത്തിലുള്ള ഗവേഷണവും പഠനവും ഉറപ്പുവരുത്തൽ, പരീക്ഷകളുടെ നടത്തിപ്പ് തുടങ്ങിയ അക്കാദമിക് കാര്യങ്ങളുടെ ഉത്തരവാദിത്തമുള്ള അക്കാദമിക് കൗൺസിൽ, ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉത്തരവാദിത്തമുള്ള ഗവേഷണകൗൺസിൽ എന്നിവ ഉൾക്കൊള്ളുന്നതാണ്

സർവകലാശാലയുടെ ഭരണസംവിധാനം. സർവകലാശാലക്കാവശ്യമായ അധ്യാപകതസ്തികകളിൽ ഏറിയ പങ്കും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അനധ്യാപക തസ്തികകളിൽ ഒരു അസിസ്റ്റന്റ് തസ്തിക മാത്രമാണ് നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. താൽക്കാലിക/കരാർ/ ദിവസവേതന ജീവനക്കാരെ നിയമിച്ചാണ് ഓഫിസ് പ്രവർത്തനങ്ങളും മറ്റ് അക്കാദമിക അനുബന്ധജോലികളും നിർവഹിക്കുന്നത്. സ്ഥിര ഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതും, ജീവനക്കാരുടെ കുറവും ഓഫീസ് പ്രവർത്തനത്തിലെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പരിമിതമായ മനുഷ്യവിഭവം പരമാവധി ഉപയോഗപ്പെടുത്തി മലയാളഭാഷയെയും പൈതൃകത്തെയും കലാ-സാഹിത്യ-സാംസ്കാരിക മേഖലകളെയും പരിപോഷിപ്പിക്കുക എന്ന സർവകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ സർവകലാശാല നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

### 1-2-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 29.03.2021 ലെ 24-**ാമത്** പൊതുസഭയുടെ 2021.03 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

| വർഷം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് (ലക്ഷം രൂപയിൽ) | പരിഷ്കരിച്ച എസ്റ്റിമേറ്റ് (ലക്ഷം രൂപയിൽ) | ബജറ്റ് എസ്റ്റിമേറ്റ് (ലക്ഷം രൂപയിൽ) | പരിഷ്കരിച്ച എസ്റ്റിമേറ്റ് (ലക്ഷം രൂപയിൽ) |
| 2021-22 | 10914.34 | -- | 10452 | -- |

### 1-2-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 05.08.2022 | 31.07.2022 | 20.08.2022 | -- | -- |

### 1-2-3 വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശങ്ങൾ

| ഭാഗം | വരവ് | ചെലവ് |
|---|---|---|
| 1. പദ്ധതിയിതരം | 10,02,24,546 | 9,68,20,812 |
| 2. പദ്ധതി | 3,80,17,315 | 3,90,40,658 |
| 3. ഇയർമാർക്ക്ഡ് ഫണ്ടുകൾ | 4,14,900 | 6,72,133 |
| 4. മൂലധനശീർഷകം | 2,29,70,262 | 2,15,39,417 |
| ആകെ | 16,16,27,023 | 15,80,73,020 |

<u>വാർഷികകണക്കിലെ പോരായ്മകൾ</u>

1. വാർഷികകണക്കിനോടൊപ്പം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല

14.02.2017ലെ സ.ഉ. (കൈ) നം.79/2017/ധന. നം. ഉത്തരവിൽ 'കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും വാർഷിക കണക്കുകൾ AIMS ലൂടെ ഓഡിറ്റിന് സമർപ്പിക്കുന്നതോടൊപ്പം 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി വാല്യം 1 ,ആർട്ടിക്കിൾ 209,210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും വാർഷിക ധനകാര്യപത്രിക ഏകീകൃത ഫോർമാറ്റിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണെന്ന് പറയുന്നുണ്ട്. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 15(1)

(സി) പ്രകാരം സർവ്വകലാശാല ഓഡിറ്റിന് സമർപ്പിക്കേണ്ട വാർഷികകണക്കുകളിൽ പരീക്ഷാഫീസ് സംബന്ധിച്ച ഡി.സി.ബി. പത്രിക, സർവകലാശാല ഫണ്ടിലേക്ക് അഫിലിയേറ്റഡ് കോളേജുകൾ ഒടുക്കിയ സ്പോർട്സ് അഫിലിയേഷൻ ഫീസ്, സർവകലാശാല യൂണിയൻ ഫീസ് എന്നിവ സംബന്ധിച്ച ഡി.സി.ബി. പത്രിക എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്ന്' നിഷ്കർഷിച്ചിട്ടുണ്ട്. ഇവയിൽ മലയാളം സർവകലാശാലക്ക് ബാധകമായ പരീക്ഷാഫീസ് സംബന്ധിച്ച ഡി.സി.ബി. പത്രിക മുൻവർഷങ്ങളിലെപ്പോലെ 2021-22-ലും ഹാജരാക്കിയ വാർഷിക കണക്കിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2. പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസ് വരവ് രേഖപ്പെടുത്തിയതിലെ വ്യത്യാസം

വാർഷിക കണക്കിനോടൊപ്പമല്ലാതെ ലഭ്യമാക്കിയിട്ടുള്ള 2021-22 വർഷത്തെ അക്കാദമിക വരുമാനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ഡി.സി.ബി. പത്രികയിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസ് ഇനത്തിൽ വരവായി തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീ ഇനത്തിൽ 21,300/- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഡി.സി.ബി. പത്രികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. വരവ് ഇനങ്ങളിൽ പ്രത്യേകാവശ്യങ്ങൾക്കുള്ള ഫണ്ടുകൾ ഉൾപ്പെടുത്തിയതിലെ അപാകത

തൻവർഷം കളരിപ്പയറ്റ് സംബന്ധിച്ച് ഗ്രന്ഥം തയ്യാറാക്കുന്നതിന് 3,57,500 രൂപയും ഭൂമിത്രസേന ക്ലബ്ബിനായി 25,000 രൂപയും ജൈവവൈവിധ്യ പരിപാലനം എന്ന പ്രൊജക്ടിനായി 32,400 രൂപയും സർവകലാശാല ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. പ്രത്യേകമായ ആവശ്യങ്ങൾക്ക് ലഭിച്ച ഈ തുക കറന്റ് ലയബിലിറ്റീസ് (Current Liabilities) എന്ന ശീർഷകത്തിലെ മിസലേനിയസ് (Miscellaneous) എന്ന ഉപശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകമായ ആവശ്യങ്ങൾക്ക് ലഭിക്കുന്ന തുക ഇയർമാർക്ക്ഡ് ഫണ്ട് (Earmarked Fund) എന്ന രീതിയിൽ പ്രത്യേകമായിത്തന്നെ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2-4 സർവകലാശാലയുടെ തനത് ഫണ്ട് - വരവ് ചെലവ് വിവരങ്ങൾ

| ക്രമ നം. | ഇനം | 2020-21 | 2021-22 |
|---|---|---|---|
| | **വരവ്** | | |
| 1 | അക്കാദമിക് | 23,04,065 | 18,81,739 |
| 2 | പരീക്ഷാഫീസ് | 1,72,150 | 2,45,000 |
| 3 | അഫിലിയേഷൻ ഫീസ് | - | - |
| 4 | പലിശ | - | - |
| 5 | മറ്റിനങ്ങൾ | 8,13,112 | 5,73,258 |
| 6 | സ്വാശ്രയസ്ഥാപനങ്ങൾ | - | - |
| 7 | സർക്കാർ ഗ്രാന്റ് (പദ്ധതിയിതരം) | 5,18,58,676 | 9,80,00,000 |
| | ആകെ വരവ് | 5,51,48,003 | 10,06,99,997 |
| | **ചെലവ്** | | |
| 1 | ശമ്പളം & ഓണറേറിയം | 5,28,88,210 | 7,72,59,926 |
| 2 | പെൻഷൻ | 14,45,094 | 38,08,327 |
| 3 | പരീക്ഷാ നടത്തിപ്പ് | - | - |
| 4 | അക്കാദമിക് | 82,08,811 | 50,87,061 |
| 5 | ഭരണച്ചെലവുകൾ | 15,33,890 | 33,53,800 |
| 6 | വിദ്യാർത്ഥിക്ഷേമം | 40,61,142 | 25,47,723 |
| 7 | സ്കോളർഷിപ്പ് | - | - |
| 8 | പൊതുമരാമത്ത് | - | - |

| | | | |
|---|---|---|---|
| 9 | സ്വാശ്രയസ്ഥാപനങ്ങൾ | - | - |
| 10 | ചെയർ/ എൻഡോവ്മെന്റ് | - | - |
| ആകെ ചെലവ് | | 6,81,37,147 | 9,20,56,837 |

## 1-2-5 സംസ്ഥാനസർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

| ക്രമ നം. | ഉത്തരവ് നമ്പർ | അനുവദിച്ച തുക | ചെലവഴിച്ച തുക | |
|---|---|---|---|---|
| | | | സർക്കാരിൽ സമർപ്പിച്ച കണക്ക് | യഥാർത്ഥ കണക്ക് |
| 1 | സ.ഉ. (സാധാ) നം. 810/2021/ ഉന്നതവിദ്യാഭ്യാസം തീയതി : 18.06.2021 | 42,44,644 | 2,14,58,416 | 2,14,58,416 |
| 2 | സ.ഉ. (സാധാ) നം. 1180/2021/ ഉന്നതവിദ്യാഭ്യാസം തീയതി : 08.09.2021 | 2,00,00,000 | | |
| 3 | സ.ഉ. (സാധാ) നം. 476/2022/ ഉന്നതവിദ്യാഭ്യാസം തീയതി : 25.03.2023 | 1,35,52,800 | | |
| ആകെ | | 3,77,97,444 | 2,14,58,416 | 2,14,58,416 |

## 1-2-6 സർക്കാരിതര പദ്ധതി ധനസഹായം

1. യു.ജി.സി. ധനസഹായം

ഇല്ല

2. പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

| ക്രമ നം. | വൌച്ചർ നം. | ഫണ്ടിംഗ് ഏജൻസി | നിർവഹിച്ച പദ്ധതി | തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|
| 1 | റസീറ്റ് വൌച്ചർ നം. 355 | കായികയുവജന മന്ത്രാലയം, സംസ്ഥാന സർക്കാർ | കളരിപ്പയറ്റ് സംബന്ധിച്ച് ഗ്രന്ഥം തയ്യാറാക്കുന്നതിന് | 3,57,500 | തൻവർഷം ചെലവുകൾ നടത്തിയിട്ടില്ല |

3. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

| ക്രമ നം. | വൌച്ചർ നം. | ഫണ്ടിംഗ് ഏജൻസി | നിർവഹിച്ച പദ്ധതി | തുക (രൂപ) | കുറിപ്പ് |
|---|---|---|---|---|---|
| 1 | റസീറ്റ് വൌച്ചർ നം. 219 | പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്, കേരള സർക്കാർ | ഭൂമിത്രസേന ക്ലബ്ബ് | 25,000 | |

| | | | | | |
|---|---|---|---|---|---|
| 2 | റസീറ്റ് വൌച്ചർ നം. 313 | പരിസ്ഥിതി – കാലാവസ്ഥാവ്യതിയാന വകുപ്പ്, കേരള സർക്കാർ | ജൈവവൈവിധ്യ പരിപാലനം | 32,400 | |

### 1-2-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ എജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| 1 | അക്കൌണ്ടന്റ് ജനറൽ | 2021-22 | PAG-Audit I/AMG II(HQ)III/II/ 19-16/22-23/195 : Dated 07.11.2022 |

### 1-2-8 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,37,07,289 |
| തൻവർഷം നിക്ഷേപിച്ച തുക | 21,40,000 |
| ആകെ | 1,58,47,289 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനത്തിൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,58,47,289 |

സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വാർഷികകണക്കിൽ പെൻഷൻ ഫണ്ട് സ്ഥിരനിക്ഷേപങ്ങളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളായി രേഖപ്പെടുത്തിയിട്ടുള്ളത് യഥാക്രമം 1,36,07,389 രൂപയും 1,57,47,389 രൂപയുമാണ്. എന്നാൽ, ആയവ യഥാക്രമം 1,36,07,289 രൂപയും 1,57,47,289 രൂപയുമാണ്. വ്യത്യാസം പരിശോധിക്കേണ്ടതാണ്.

### 1-2-9 സാമ്പത്തികനില

| | |
|---|---|
| മുൻബാക്കി | 3,83,83,158 |
| വരവ് | 16,16,27,023 |
| ആകെ | 20,00,10,181 |
| ചെലവ് | 15,80,73,020 |
| നീക്കിയിരിപ്പ് | 4,19,37,161 |

### 1-2-10 വിനിയോഗസാക്ഷ്യപത്രങ്ങൾ

തൻവർഷം വിനിയോഗസാക്ഷ്യപത്രങ്ങൾ നൽകിയിട്ടില്ല.

### 1-2-11 എൻഡോവ്മെന്റുകൾ/ചെയറുകൾ എന്നിവയുടെ വിവരം

സംയുക്തസംരംഭങ്ങൾ വളർത്തിയെടുക്കുക, കോഴ്സുകൾ, സെമിനാറുകൾ സിംമ്പോസിയങ്ങൾ, ലെറ്റർ ക്ലാസുകൾ, എന്നിങ്ങനെയുള്ള അക്കാദമിക് പരിപാടികൾ ശാസ്ത്രീയമായും സംയുക്തമായും സംഘടിപ്പിക്കുക, അധ്യാപകരെയും വിദ്യാർത്ഥികളെയും പൊതുതാൽപര്യമുള്ള പഠനസാമഗ്രികൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയെയും പരസ്പരം കൈമാറുക എന്ന ലക്ഷ്യത്തോടെ ജർമനിയിലെ ട്യൂബിൻഗൺ സർവ്വകലാശാലയിൽ ഡോ. ഹെർമൻ ഗുണ്ടെർട്ടിന്റെ പേരിൽ ഗുണ്ടെർട്ട് ചെയർ സ്ഥാപിച്ചിട്ടുണ്ട്.

### 1-3-1 ഫീ ഇനങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടില്ല.

മലയാളസർവകലാശാലയുടെ 2021-22 വർഷത്തെ ഡി.സി.ബി. പത്രിക പ്രകാരം താഴെ പറയുന്ന ഫീ ഇനങ്ങളിൽ ഏതാനും തുകകൾ കുടിശ്ശികയുണ്ട്.

| ഇനം | കുടിശ്ശിക തുക |
|---|---|
| ട്യൂഷൻ ഫീസ് | 233800 |
| പരീക്ഷാ ഫീസ് | 72200 |
| സ്റ്റുഡന്റ്സ് യൂണിയൻ & മാഗസിൻ ഫീസ് | 14050 |
| ലൈബ്രറി ഫീസ് | 27700 |
| ഹോസ്റ്റൽ ഫീസ് | 423060 |

വിശദവിവരം ചുവടെ

1. ട്യൂഷൻ ഫീസ്

| കോഴ്സ് | 2021-22 വർഷം അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | ട്യൂഷൻ ഫീ | ട്യൂഷൻ ഫീ ഇനത്തിൽ പിരിക്കേണ്ട തുക | പിരിച്ചെടുത്ത തുക | കുടിശ്ശിക |
|---|---|---|---|---|---|
| പി.ജി. | 349 | 1000 | 349000 | 255000 | 94000 |
| പി.എച്.ഡി. | 74 | 2000 | 148000 | 34600 | 113400 |
| എംഫിൽ | 6 | 1000 | 6000 | 0 | 6000 |
| കുടിശ്ശിക | | | 177400 | 157000 | 20400 |
| **ആകെ** | | | | | **233800** |

2. പരീക്ഷാ ഫീസ്

| കോഴ്സ് | 2021-22 വർഷം അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | പരീക്ഷാ ഫീ | പരീക്ഷാ ഫീ ഇനത്തിൽ പിരിക്കേണ്ട തുക | പിരിച്ചെടുത്ത തുക | കുടിശ്ശിക |
|---|---|---|---|---|---|
| പി.ജി. | 349 | 500 | 174500 | 121600 | 52900 |
| കുടിശ്ശിക | | | 142700 | 123400 | 19300 |
| **ആകെ** | | | | | **72200** |

**3. മാഗസിൻ/ സ്റ്റുഡന്റ് യൂണിയൻ ഫീ**

| കോഴ്സ് | 2021-22 വർഷം അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | മാഗസിൻ/ സ്റ്റുഡന്റ് യൂണിയൻ ഫീ | മാഗസിൻ/ സ്റ്റുഡന്റ് യൂണിയൻ ഫീ ഇനത്തിൽ പിരിക്കേണ്ട തുക | പിരിച്ചെടുത്ത തുക | കുടിശ്ശിക |
|---|---|---|---|---|---|
| പി.ജി. | 349 | 400 | 139600 | 68150 | 71450 |

| | | | | | |
|---|---|---|---|---|---|
| കുടിശ്ശിക | | | 98600 | 29600 | 69000 |
| **ആകെ** | | | | | **140450** |

**4. ലൈബ്രറി ഫീസ്**

| കോഴ്സ് | 2021-22 വർഷം അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | ലൈബ്രറി ഫീ | ലൈബ്രറി ഫീ ഇനത്തിൽ പിരിക്കേണ്ട തുക | പിരിച്ചെടുത്ത തുക | കുടിശ്ശിക |
|---|---|---|---|---|---|
| പി.ജി. | 349 | 200 | 69800 | 43900 | 25900 |
| കുടിശ്ശിക | | | 12200 | 10400 | 1800 |
| **ആകെ** | | | | | **27700** |

പ്രസ്തുത തുകകൾ പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് രജിസ്ട്രാർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/ 11.9.2023) ലഭ്യമാക്കിയ 4.1.2024 ലെ മറുപടിയിൽ, ഈടാക്കാൻ അവശേഷിക്കുന്നതിൽ കുടിശ്ശിക താഴെ പറയും പ്രകാരം 2022-23, 23-24 വർഷങ്ങളിൽ ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| **ഇനം** | **ഡി.സി.ബി. പത്രിക പ്രകാരം കുടിശ്ശിക തുക** | **ലഭ്യമാക്കിയ മറുപടി പ്രകാരം 2022-23, 23-24 വർഷങ്ങളിൽ ഈടാക്കിയത്** | **നിലവിലെ കുടിശ്ശിക** |
|---|---|---|---|
| Tuition fee | 233800 | 232550 | 1250 |
| Exam fee | 72200 | 71700 | 500 |
| Students union &magazine | 14050 | 13850 | 200 |
| Library fee | 27700 | 27500 | 200 |
| Hostel fee | 423060 | 378800 | 44260 |

2022-23, 23-24 വർഷങ്ങളിൽ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതും അവശേഷിക്കുന്ന കുടിശ്ശിക ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-3-2 ടെണ്ടർ ഫോറം വില ഈടാക്കിയില്ല.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 പ്രകാരം 1,00,000 രൂപയോ അതിൽ കൂടുതലോ തുകയ്ക്കുള്ള വാങ്ങലുകൾക്ക് നിശ്ചിത ഫോർമാറ്റിലുള്ള ടെണ്ടർ ഫോമുകൾ സർക്കാർ നിർദ്ദേശിക്കുന്ന വിലക്ക് വിതരണം ചെയ്യണം. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ടെണ്ടറുകളിൽ ടെണ്ടർ ഫോമുകൾ വിൽപ്പന നടത്തിയതായോ, പ്രസ്തുത ഇനത്തിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ടെണ്ടറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **ടെണ്ടർ** | **ടെണ്ടർ നോട്ടീസ് തിയ്യതി** | **ലഭിച്ച ടെണ്ടറുകളുടെ എണ്ണം** |
|---|---|---|---|
| 1 | യു.പി.എസ്. ബാറ്ററി ബൈബാക്ക് പോളിസിയിൽ വിതരണം ചെയ്ത് സ്ഥാപിക്കൽ | 25.2.2021 | 3 |

| | | | |
|---|---|---|---|
| 2 | എയർ കണ്ടീഷണറുകൾ ബൈബാക്ക് പോളിസിയിൽ വിതരണം ചെയ്ത് സ്ഥാപിക്കൽ | 25.2.2021 | 3 |
| 3 | കാലാവസ്ഥാ വ്യതിയാന പ്രോജക്ടുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | 2.9.2021 | 3 |
| 4 | വിവിധ ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെ തകരാർ പരിഹരിക്കൽ | 24.12.2021 | 3 |
| 5 | പൈതൃക മ്യൂസിയം സീലിംഗ് പ്രവർത്തികൾ ചെയ്യൽ | 9.12.2021 | 3 |
| 6 | മലയാളം സർവകലാശാലയിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ വിതരണം ചെയ്യൽ | 2.2.2022 | 3 |
| 7 | പരിസ്ഥിതിപഠന ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ | 9.2.2022 | 4 |
| 8 | എയർ കണ്ടീഷണറുകൾ ബൈബാക്ക് പോളിസിയിൽ വിതരണം ചെയ്ത് സ്ഥാപിക്കൽ | 28.2.2021 | 3 |

മേൽ ടെണ്ടറുകളിൽ ടെണ്ടർ ഫോറം വില ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് രജിസ്ട്രാർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/ 7.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറം വില ഈടാക്കുന്നില്ല എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും അപാകത തുടരുന്നതിന് വിശദീകരണം നൽകേണ്ടതും തനത് ഫണ്ട് ഇനത്തിലെ വരുമാന ചോർച്ചക്ക് കാരണമാകുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-3-3 സാഹിത്യപ്രവർത്തകസഹകരണസംഘം മുഖേനയുള്ള പുസ്തകങ്ങളുടെ വിപണനം - അപാകതകൾ

മലയാളം സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ സാഹിത്യപ്രവർത്തകസഹകരണസംഘം വഴി വിറ്റഴിക്കാൻ താൽപര്യമുണ്ടെന്നും അതിനുള്ള വ്യവസ്ഥകളും നിർദേശങ്ങളും അറിയിക്കാൻ താൽപ്പര്യപ്പെടുന്നതായും അറിയിച്ച് 21.05.2018ൽ സാഹിത്യപ്രവർത്തകസഹകരണസംഘം സെക്രട്ടറിക്ക് വൈസ് ചാൻസലർ കത്തയച്ചിരുന്നു. 45% കമ്മീഷൻ അനുവദിക്കണം, വിൽപനക്കായി ഏറ്റെടുക്കുന്ന പുസ്തകങ്ങൾ മറ്റ് വിതരണസ്ഥാപനങ്ങൾക്ക് നൽകുന്നപക്ഷം സംഘത്തെ മുൻകൂട്ടി അറിയിക്കണം, സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ടൈറ്റിൽ പേജിലും പുറംചട്ടയിലും നാഷണൽ ബുക്ക് സ്റ്റാൾ എന്ന് ചേർക്കുകയും എൻ.ബി.എസ്. മുദ്ര പതിക്കുകയും ചെയ്യണം എന്നീ വ്യവസ്ഥകളോടെ പുസ്തകങ്ങളുടെ വിപണനം ഏറ്റെടുക്കാനുള്ള സന്നദ്ധത സാഹിത്യപ്രവർത്തകസഹകരണസംഘം സെക്രട്ടറി സർവകലാശാലയെ അറിയിച്ചു. മേൽപരാമർശിച്ച വ്യവസ്ഥകളിൽ പുസ്തകങ്ങളിൽ എൻ.ബി.എസ്. മുദ്ര പതിപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ അംഗീകരിക്കുന്നതിന് പ്രസിദ്ധീകരണസമിതിയുടെയും നിർവാഹകസമിതിയുടെയും അംഗീകാരം തേടുകയും മറ്റ് വ്യവസ്ഥകൾ അംഗീകരിച്ച് 24,15,958 രൂപയുടെ 34 പുസ്തകങ്ങൾ സംഘത്തിന് കൈമാറുകയും ചെയ്തു. ഭാവിയിൽ മലയാളസർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും ജേണലുകളും വിതരണാവകാശം വ്യക്തമാക്കുന്ന മുദ്ര ചേർക്കണമെന്ന സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ ആവശ്യം 2019 ജനവരി 18ലെ 39-ആമത് നിർവാഹകസമിതി യോഗം ഇനം 40(2)/39 തീരുമാനപ്രകാരം അംഗീകരിച്ചു. കൂടാതെ, സാഹിത്യപ്രവർത്തക സഹകരണസംഘം വഴി പുസ്തകങ്ങൾ വിറ്റഴിക്കാൻ തീരുമാനിക്കുകയും പുസ്തകങ്ങൾ സംഘത്തിന് കൈമാറുകയും ചെയ്ത വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതി സാധൂകരിക്കുകയും ചെയ്തു.

1. വിൽപ്പനത്തുക സർവകലാശാലക്ക് കൈമാറുന്നതിലെ അപാകതകൾ

2018-19, 2019-20, 2020-21 വർഷങ്ങളിൽ താഴെ വിശദമാക്കുന്ന പ്രകാരം സാഹിത്യപ്രവർത്തകസഹകരണസംഘത്തിന് പുസ്തകങ്ങൾ കൈമാറിയിട്ടുണ്ട്.

| വർഷം | പുസ്തകങ്ങൾ | മുഖവില | കമ്മീഷൻ കഴിച്ചുള്ള തുക |
|---|---|---|---|
| 2018-19 | 34 | 43,92,650 | 24,15,958 |
| 2019-20 | 9 | 5,77,985 | 3,17,893 |
| 2020-21 | 10 | 3,43,750 | 1,89,063 |
| ആകെ | 53 | 53,14,385 | 29,22,914 |

സംഘം സർവകലാശാലയിൽ സമർപ്പിച്ചിട്ടുള്ള 2018-19, 2019-20, 2020-21 വർഷങ്ങളിലെ വിൽപ്പനപത്രിക പ്രകാരമുള്ള വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| വർഷം | വിറ്റ പുസ്തകങ്ങളുടെ മൂല്യം | 45 % കമ്മീഷൻ കഴിച്ചുള്ള തുക |
|---|---|---|
| 2018-19 | 1,45,220 | 79,871 |
| 2019-20 | 5,40,740 | 2,97,407 |
| 2020-21 | 7,24,020 | 3,98,211 |
| ആകെ | 14,09,980 | 7,75,489 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 31.03.2021ന് ശേഷം വിൽപ്പനവിവര പത്രിക സംഘം നൽകിയതായി കാണുന്നില്ല. 31.03.2021ലെ പത്രിക പ്രകാരം 2020-21 വരെ 7,75,489 രൂപ സർവകലാശാലക്ക് സംഘം നൽകേണ്ടതായുണ്ട്. സർവകലാശാലയ്ക്ക് സംഘം നൽകിയ തുക താഴെ വിശദമാക്കും പ്രകാരമാണ്.

| നൽകിയ തീയതി | തുക |
|---|---|
| 24.12.2019 | 79,871 |
| 20.06.2022 | 2,00,000 |
| 22.03.2023 | 1,00,000 |
| ആകെ | 3,79,871 |

പുസ്തകങ്ങൾ വില്പന നടത്തിയ വകയിൽ കമ്മീഷൻ കഴിച്ചുള്ള തുക സർവകലാശാലാ അക്കൗണ്ടിൽ ഒടുക്കുന്നതിൽ വലിയ വീഴ്ചയാണ് സംഘം വരുത്തിയിട്ടുള്ളതെന്ന് മേൽപരാമർശിച്ച കണക്കുകളിൽ നിന്ന് വ്യക്തമാണ്. 31.03.2021 വരെയുള്ള വിൽപ്പനവിവരപത്രിക പ്രകാരം തന്നെ 7,75,489/- രൂപ സർവകലാശാലക്ക് ലഭിക്കേണ്ടതുണ്ട്. എന്നാൽ, നാളിതു വരെ 3,79,871 രൂപ മാത്രമാണ് കൈമാറിയിട്ടുള്ളത്. 2018-19 വർഷത്തെ കമ്മീഷൻ കഴിച്ചുള്ള തുകയായ 79,871 രൂപ ആ 24.12.2019ൽ അടച്ചിരുന്നു. 2019-20, 2020-21 വർഷങ്ങളിലെ കമ്മീഷൻ കഴിച്ചുള്ള തുകയായ 6,95,618 സർവകലാശാലാ ഫണ്ടിലേക്ക് അടവാക്കാൻ സംഘത്തോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് 2022 ഏപ്രിൽ 15നകം മുഴുവൻ തുകയും നൽകിക്കൊള്ളാമെന്ന് സാഹിത്യപ്രവർത്തക സഹകരണസംഘം സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ, 3,00,000 രൂപ മാത്രമാണ് 2022-23 സാമ്പത്തികവർഷം സംഘം അടവാക്കിയത്. 2021-22ലെ കണക്കുകൾ പ്രകാരം തന്നെ 3,95,618 രൂപ ലഭിക്കാൻ ബാക്കിയുള്ളതായാണ് ഫയൽ വിവരങ്ങളിൽ നിന്നും മനസിലാകുന്നത്. 31.03.2021 വരെയുള്ള സ്റ്റോക്ക് വിവരങ്ങളും വിൽപ്പനവിവരങ്ങളും മാത്രമാണ് സംഘം സർവകലാശാലയെ രേഖാമൂലം അറിയിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ 31.03.201ന് ശേഷം സർവകലാശാലയുടെ പുസ്തകങ്ങൾ വിറ്റ വകയിൽ സംഘത്തിന് ലഭിച്ച തുക എത്രയെന്ന് സർവകലാശാലയുടെ കൈവശം കണക്കുകളില്ലാത്ത സാഹചര്യമാണ്. സർവകലാശാലക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കാൻ 21.11.2022 വരെ സംഘത്തിന് കത്തുകൾ അയച്ചതായി കാണുന്നുണ്ട്. 21.11.2022ന് ശേഷം ഇതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് അറിയിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 36/2021-22 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2. സർവകലാശാലയുടെ പുസ്തകങ്ങൾ സംഘത്തിന്റെ കൈവശം തുടരുന്നു.

നിലവിൽ സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ കൈവശമുള്ള സ്റ്റോക്കിനെക്കുറിച്ചുള്ള വിവരങ്ങൾ സർവകലാശാലക്ക് യഥാസമയം കൈമാറുന്നതിലും കൃത്യമായ കണക്കുകൾ സമർപ്പിക്കുന്നതിലും സംഘം വലിയ വീഴ്ച വരുത്തിയിട്ടുണ്ട്. 31.03.2021ലെ വിൽപ്പനവിവരപത്രിക പ്രകാരം 39,04,405/- രൂപ മൂല്യമുള്ള പുസ്തകങ്ങൾ സംഘത്തിന്റെ

കൈവശമാണുള്ളത്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

31.03.2021ന് ശേഷം വിൽപ്പനവിവരങ്ങളോ സ്റ്റോക്ക് വിവരങ്ങളോ സംഘം സമർപ്പിച്ചിട്ടില്ലാത്തതിനാൽ മേൽപ്പരാമർശിച്ച തുകയുടെ പുസ്തകങ്ങളിൽ എത്ര രൂപയുടെ പുസ്തകങ്ങൾ സംഘത്തിന്റെ പക്കൽ ഉണ്ടെന്നോ എത്ര പുസ്തകങ്ങൾ വിറ്റഴിച്ചുവെന്നോ ഉള്ള കണക്കുകൾ ഫയലിൽ നിന്ന് ലഭ്യമല്ല. പ്രസിദ്ധീകരണവിഭാഗത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം അച്ചടിച്ച പുസ്തകങ്ങൾ സാഹിത്യപ്രവർത്തകസഹകരണസംഘത്തിന് വിപണനത്തിനായി കൈമാറിയതായി കാണുന്നില്ല. 31.03.2021ന് ശേഷമുള്ള സ്റ്റോക്ക് വിവരങ്ങൾ പരിശോധിക്കുന്നതിനോ ആയത് തിരികെ ലഭ്യമാക്കുന്നതിനോ എന്തെങ്കിലും തരത്തിലുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചതായി ഫയലിൽ നിന്ന് വ്യക്തമല്ല. ഭീമമായ തുകയുടെ സ്റ്റോക്ക് തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 36/2021-22 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

എ. 31.03.2021 വരെ പുസ്തകങ്ങൾ വില്പന നടത്തിയ വകയിൽ ലഭിക്കാനുള്ള തുകയായ 3,95,618 രൂപ ലഭ്യമാക്കുവാനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. 31.03.2021ന് ശേഷം വിൽപ്പനവിവരങ്ങളോ സ്റ്റോക്ക് വിവരങ്ങളോ സംഘം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഭൗതികപരിശോധന നടത്തി ആയവ തിട്ടപ്പെടുത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കാനുള്ള തുക സംബന്ധിച്ച് വ്യക്തത വരുത്തി തുക ലഭ്യമാക്കാൻ സംഘത്തിന് കത്ത് നൽകേണ്ടതാണ്. സംഘവുമായി ബന്ധപ്പെട്ട് ഭൗതികപരിശോധന നടത്തുന്നതിന് സർവകലാശാല പ്രത്യേകസംഘത്തെ നിയോഗിക്കേണ്ടതാണ്.
സി. ഭൗതികപരിശോധനയിൽ സംഘത്തിന്റെ കൈവശമുള്ള പുസ്തകത്തിന്റെ സ്റ്റോക്ക് തിരികെ ലഭ്യമാക്കി ആയത് സംബന്ധിച്ച വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

### 1-3-4 ലെയ്സൺ ഓഫീസറുടെ നിയമനകാലാവധി നീട്ടിയത് - സാധൂകരണം ലഭ്യമാക്കിയില്ല

സർവ്വകലാശാലയ്ക്കു വേണ്ടി ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും മറ്റ് സർക്കാർ ഓഫീസുകളിൽ നിന്നും ഫയലുകളിൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിക്കുന്നതിന് ഇടപെടുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ഫിനാൻസ് വകുപ്പിൽ നിന്നും അസിസ്റ്റന്റായി റിട്ടയർ ചെയ്ത ശ്രീ പി. മനോഹരനെ കരാറടിസ്ഥാനത്തിൽ പ്രതിമാസം 9,500/- (ഒൻപതിനായിരത്തി അഞ്ഞൂറു രൂപ) സഞ്ചിതവേതനത്തിൽ 6 മാസത്തേയ്ക്ക് 04.12.2019ലെ 3627/എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ലെയ്സൺ ഓഫീസറായി നിയമിച്ചിരുന്നു. 22.07.2020ലെ 3627/എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ടിയാളുടെ സേവനകാലാവധി 22.05.2020 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകുകയും പ്രതിമാസവേതനം 12,000 രൂപയായി വർദ്ധിപ്പിച്ച് നൽകുകയും ചെയ്തു. 20.05.2021 പ്രാബല്യത്തിൽ ഒരു വർഷത്തേക്ക് സേവനം ദീർഘിപ്പിച്ചു നൽകണമെന്ന ശ്രീ പി. മനോഹരന്റെ 31.07.2021ലെ അപേക്ഷ പരിഗണിച്ച് 16.08.2021ലെ 3627/എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ചു നൽകി. 22.05.2021 പ്രാബല്യത്തിൽ പ്രതിമാസവേതനം 14,000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകുകയും ചെയ്തു. ആയത് 2021 സെപ്തംബർ 3 ന് ചേർന്ന നിർവാഹകസമിതിയുടെ 52-ആമത് യോഗം തീരുമാനം നമ്പർ 2021.61 പ്രകാരം സാധൂകരിക്കുകയും ചെയ്തു. ശ്രീ പി. മനോഹരന്റെ 2022 മെയ് 7ലെയും 2023 ജനവരി 1ലെയും അപേക്ഷകൾ പരിഗണിച്ച് യഥാക്രമം 22.05.2022ലെ 3627/എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം 22.05.2022 മുതൽ ഒരു വർഷത്തേക്കും 16.02.2023ലെ 3627/എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം 22.05.2023 മുതൽ ഒരു വർഷത്തേക്കും കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

2021-22ൽ താഴെ വിശദമാക്കും പ്രകാരം 1,62,645/- രൂപ വേതനമായി ശ്രീ പി. മനോഹരൻ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | മാസം | വൌച്ചർ & ചെക്ക് നമ്പർ | തുക (രൂപ) |
|---|---|---|---|
| 1 | മാർച്ച് 2021 | പേ റോൾ വൌച്ചർ നമ്പർ. 2<br>ചെക്ക് നമ്പർ 5149571/03.04.2021 | 12,000 |
| 2 | ഏപ്രിൽ 2021 | പേ റോൾ വൌച്ചർ നമ്പർ. 8<br>ചെക്ക് നമ്പർ 5149572/03.05.2021 | 12,000 |

| | | | |
|---|---|---|---|
| 3 | മെയ് 2021 | പേ റോൾ വൌച്ചർ നമ്പർ. 15<br><br>ചെക്ക് നമ്പർ 5149574/01.06.2021 | 12,000 |
| 4 | ജ്യൂൺ 2021 | പേ റോൾ വൌച്ചർ നമ്പർ. 27<br><br>ചെക്ക് നമ്പർ 5149577/01.07.2021 | 12,000 |
| 5 | ജൂലൈ 2021 | പേ റോൾ വൌച്ചർ നമ്പർ 36<br><br>ചെക്ക് നമ്പർ 5149583/02.08.2021 | 12,000 |
| 6 | ഓഗസ്റ്റ് 2021 | പേ റോൾ വൌച്ചർ നമ്പർ 52<br><br>ചെക്ക് നമ്പർ 5149588/04.09.2021 | 18,645<br><br>(4645 - അരിയർ) |
| 7 | സെപ്റ്റംബർ 2021 | പേ റോൾ വൌച്ചർ നമ്പർ 59<br><br>ചെക്ക് നമ്പർ 5149594/01.10.2021 | 14,000 |
| 8 | ഒക്ടോബർ 2021 | പേ റോൾ വൌച്ചർ നമ്പർ 64<br><br>ചെക്ക് നമ്പർ 5149597/01.11.2021 | 14,000 |
| 9 | നവംബർ 2021 | പേ റോൾ വൌച്ചർ നമ്പർ 71<br><br>ചെക്ക് നമ്പർ 5741323/01.12.2021 | 14,000 |
| 10 | ഡിസംബർ 2021 | പേ റോൾ വൌച്ചർ നമ്പർ 76<br><br>ചെക്ക് നമ്പർ 5741326/07.01.2022 | 14,000 |
| 11 | ജനവരി 2022 | പേ റോൾ വൌച്ചർ നമ്പർ 82<br><br>ചെക്ക് നമ്പർ 5741335/02.02.2022 | 14,000 |
| 12 | ഫെബ്രുവരി 2022 | പേ റോൾ വൌച്ചർ നമ്പർ 88<br><br>ചെക്ക് നമ്പർ 4553291/02.03.2022 | 14,000 |
| ആകെ | | | 1,62,645 |

പ്രസ്തുതനിയമനവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 2019 ഡിസംബർ മാസം മുതൽ 2020 മെയ് വരെയുള്ള കാലയളവിൽ ലെയ്സൺ ഓഫീസർ എന്ന നിലയിൽ ഇടപെടൽ നടത്തിയ ഫയലുകളുടെ വിവരങ്ങൾ കൂടി കരാർ കാലാവധി നീട്ടണമെന്ന അഭ്യർത്ഥനക്കൊപ്പം ശ്രീ പി. മനോഹരൻ സർവകലാശാലക്ക് സമർപ്പിച്ചതായി കാണുന്നുണ്ട്. ആയത് പരിഗണിച്ചാണ് ടിയാളുടെ സേവനം ഒരു വർഷത്തേക്ക് ദീർഘിപ്പിക്കാൻ സർവകലാശാല തീരുമാനിച്ചതെന്ന് ഫയൽ കുറിപ്പുകളിൽ നിന്നും വ്യക്തമാണ്. എന്നാൽ, ശ്രീ പി. മനോഹരന്റെ 31.07.2021, 2022 മെയ് 7, 2023 ജനവരി 1 എന്നീ തീയതികളിലെ കരാർ കാലാവധി നീട്ടണമെന്ന അഭ്യർത്ഥനക്കൊപ്പം അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയേറ്റിലോ മറ്റ് സർക്കാർ ഓഫിസുകളിലോ ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് ലെയ്സൺ ഓഫീസർ പ്രസ്തുതകാലയളവിൽ നിർവഹിച്ചതെന്ന വിലയിരുത്തൽ സർവകലാശാല നടത്തിയതായി ഫയലിൽ നിന്നും വ്യക്തമല്ല. 2021 സെപ്റ്റംബറിന് ശേഷം പ്രസ്തുതതസ്തികയിലെ കരാർ കാലാവധി നീട്ടുന്നതിലോ വേതനം വർദ്ധിപ്പിച്ചതിലോ നിർവാഹകസമിതിയുടെ സാധൂകരണം ലഭ്യമാക്കിയതായും കാണുന്നില്ല. 22.05.2023 മുതൽ ഒരു വർഷത്തേക്ക് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് 16.02.2023ൽ തന്നെ ഉത്തരവിറക്കിയ സാഹചര്യവും വ്യക്തമല്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 37/2021-22 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലെയ്സൺ ഓഫീസർ തസ്തികയിലെ പ്രവർത്തനങ്ങൾ വിലയിരുത്താതെ കരാർ കാലാവധി നീട്ടി നൽകിയതിലും വേതനം വർദ്ധിപ്പിച്ചതിലും പ്രസ്തുതനടപടിയിൽ നിർവാഹകസമിതിയുടെ സാധൂകരണം ലഭ്യമാക്കാതിരുന്നതിലും വിശദീകരണം നൽകേണ്ടതാണ്.

### 1-3-5 പരീക്ഷാകൺട്രോളർക്ക് അധികതുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്

18.11.2020ലെ സർവകലാശാല ഉത്തരവ് നമ്പർ324/2012/എ1/ അഡ്മിൻ പ്രകാരം കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മാർ ഡയനീഷ്യസ് കോളേജ്, പഴഞ്ഞിയിലെ ധനതത്വശാസ്ത്രവിഭാഗം അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. റെജിമോൻ. പി. എം.-നെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയുടെ നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 37400-67000 + 10000 AG (Pre-revised) യു.ജി.സി പേബാന്റിൽ 18.11.2020 പൂർവാഹ്നം മുതൽ 4 വർഷത്തേക്ക് പരീക്ഷാകൺട്രോളറായി നിയമിക്കുകയുണ്ടായി. ഡോ. റെജിമോൻ. പി. എം. ന്റെ അടിസ്ഥാനശമ്പളം 37400-67000+10000 AGP (Pre-revised) എന്ന പേ ബാന്റിന് സമാനമായ ഏഴാം യു.ജി.സി ശമ്പളപരിഷ്കരണത്തിലെ അക്കാദമിക് ലെവൽ 14ലെ അടിസ്ഥാനശമ്പളമായ 1,44,200/- രൂപ 18.11.2020 പൂർവാഹ്നം മുതൽ നിശ്ചയിച്ചു നൽകുകയുണ്ടായി. 2021 ജൂൺ മാസം വരെ ഡോ. റെജിമോൻ. പി. എം. അടിസ്ഥാനശമ്പളമായി 1,44,200/- രൂപയാണ് കൈപ്പറ്റിയിട്ടുള്ളത്. മാതൃസ്ഥാപനത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 01.07.2020 മുതൽ 1,43,600/- രൂപ അടിസ്ഥാനശമ്പളം വാങ്ങിയിരുന്നെന്നും കൂടാതെ എൻ.സി.സി ക്യാപ്റ്റൻ പദവി കൂടി വഹിക്കുന്നതിനാൽ ശമ്പളത്തോടൊപ്പം അലവൻസായി 2,500 രൂപയും ലഭിച്ചിരുന്നെന്നും ആയതിനാൽ സർവകലാശാല നിശ്ചയിച്ച് നൽകിയിരുന്ന അടിസ്ഥാനശമ്പളമായ 1,44,200 രൂപയോട് 2 ഇൻക്രിമെന്റുകൾ കൂടി നൽകി അടിസ്ഥാന ശമ്പളം 1,53,000/- രൂപ ആയി ഉയർത്തി നൽകുവാൻ ഡോ. റെജിമോൻ. പി. എം. വൈസ് ചാൻസലർക്ക് കത്തു നൽകിയിരുന്നു. 01.06.2021ന് ചേർന്ന നിർവാഹകസമിതിയോഗം 2 മുൻകൂർ ഇൻക്രിമെന്റുകൾ നൽകി അടിസ്ഥാനശമ്പളം 1,53,000/- രൂപയാക്കി പുനർനിർണ്ണയിച്ച് മുൻകാലപ്രാബല്യത്തോടെ നൽകുവാൻ തീരുമാനിക്കുകയുണ്ടായി. 2021 ജൂലൈ മാസം മുതൽ ഈ ഉത്തരവ് പ്രകാരമുള്ള ശമ്പളം ഡോ. റജിമോൻ പി.എം. കൈപ്പറ്റിയിട്ടുണ്ട്. അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചത് വഴി 2021-22 വർഷം താഴെ വിശദമാക്കുന്ന പ്രകാരം ഡോ. റജിമോൻ പി.എം.ന് അധികമായി ശമ്പളം അനുവദിച്ചിട്ടുണ്ട്.

<table>
<tr><th>മാസം</th><th>വൌച്ചർ നമ്പർ</th><th colspan="2">അഡ്വാൻസ് ഇൻക്രിമെന്റ് ഉൾപ്പെടെ കൈപ്പറ്റിയ ശമ്പളം</th><th colspan="2">അഡ്വാൻസ് ഇൻക്രിമെന്റ് ഇല്ലാതെയുള്ള ശമ്പളം</th><th>അധികമായി നൽകിയത്</th></tr>
<tr><td rowspan="4">ജൂലൈ 2021</td><td rowspan="4">പേ റോൾ നം. 36</td><td>അടി. ശമ്പളം</td><td>153000</td><td>അടി. ശമ്പളം</td><td>144200</td><td rowspan="4">10,296</td></tr>
<tr><td>ക്ഷാമബത്ത</td><td>26010</td><td>ക്ഷാമബത്ത</td><td>24514</td></tr>
<tr><td>വീട്ടുവാടകബത്ത</td><td>4000</td><td>വീട്ടുവാടകബത്ത</td><td>4000</td></tr>
<tr><td>ആകെ</td><td>183010</td><td>ആകെ</td><td>172714</td></tr>
<tr><td rowspan="2">ഓഗസ്റ്റ് 2021</td><td rowspan="2">പേ റോൾ</td><td>അടി. ശമ്പളം</td><td>153000</td><td>അടി. ശമ്പളം</td><td>144200</td><td rowspan="2">10,296</td></tr>
<tr><td>ക്ഷാമബത്ത</td><td>26010</td><td>ക്ഷാമബത്ത</td><td>24514</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | നം. 50 | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **183010** | ആകെ | **172714** | |
| സെപ്തംബർ 2021 | പേ റോൾ നം. 59 | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | **10,296** |
| | | ക്ഷാമബത്ത | 26010 | ക്ഷാമബത്ത | 24514 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **183010** | ആകെ | **172714** | |
| ഒക്ടോബർ 2021 | പേ റോൾ നം. 64 | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | **10,296** |
| | | ക്ഷാമബത്ത | 26010 | ക്ഷാമബത്ത | 24514 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **183010** | ആകെ | **172714** | |
| നവംബർ 2021 | പേ റോൾ നം. 71 | അടി. ശമ്പളം | 154336 | അടി. ശമ്പളം | 145347 | **10,517** |
| | | ക്ഷാമബത്ത | 26237 | ക്ഷാമബത്ത | 24709 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **184573** | ആകെ | **174056** | |
| ഡിസംബർ 2021 | പേ റോൾ നം. 76 | അടി. ശമ്പളം | 157600 | അടി. ശമ്പളം | 148500 | **10,647** |
| | | ക്ഷാമബത്ത | 26792 | ക്ഷാമബത്ത | 25245 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **188392** | ആകെ | **177745** | |
| ജനവരി 2022 | പേ റോൾ നം. 82 | അടി. ശമ്പളം | 157600 | അടി. ശമ്പളം | 148500 | **10,647** |
| | | ക്ഷാമബത്ത | 26792 | ക്ഷാമബത്ത | 25245 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **188392** | ആകെ | **177745** | |
| ഫെബ്രുവരി 2022 | പേ റോൾ നം. 88 | അടി. ശമ്പളം | 157600 | അടി. ശമ്പളം | 148500 | **10,647** |
| | | ക്ഷാമബത്ത | 26792 | ക്ഷാമബത്ത | 25245 | |
| | | വീട്ടുവാടകബത്ത | 4000 | വീട്ടുവാടകബത്ത | 4000 | |
| | | ആകെ | **188392** | ആകെ | **177745** | |
| ആകെ | | | | | | **83,642** |

മലയാള സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ ശമ്പളം നിശ്ചയിച്ച് നൽകുന്നതിന് അടിസ്ഥാനമാക്കേണ്ടത് സർക്കാർ സർവകലാശാലക്ക് ബാധകമാക്കുന്ന യു.ജി.സി. റെഗുലേഷനുകൾ ആണ്. ആയതിനാൽ, പരീക്ഷാകൺട്രോളർ തസ്തികയിൽ അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് കൊണ്ടുള്ള യു.ജി.സി. റെഗുലേഷനോ സർക്കാർ ഉത്തരവുകളോ അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 23/2021-22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. യു.ജി.സി. റെഗുലേഷന്റെയോ സർക്കാർ ഉത്തരവുകളുടെയോ അനുമതിയുടെയോ അടിസ്ഥാനത്തിലല്ലാതെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയത് അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

### 1-3-6 എൻ.പി.എസ്. വിഹിതം അധികമായി അടവാക്കി.

30.04.2020ലെ സ.ഉ. (അ) നമ്പർ 53/2020/ധന. ഉത്തരവിലെ നിർദേശം പാലിച്ച് കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ 20,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെയുള്ള ശമ്പളത്തിൽ നിന്ന് ഓരോ മാസവും 20 ശതമാനം വീതം (6 ദിവസത്തെ ശമ്പളവും അലവൻസും ഉൾപ്പടെ) 33,46,584 രൂപ ഈടാക്കി തിരൂർ സബ് ട്രഷറിയിലെ 499612900000904 എന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ശമ്പളം വാങ്ങാത്തവരുടേയും

നിലവിൽ ഇ.പി.എഫ്. / ജി.പി.എഫ് ഉണ്ടെങ്കിലും ശമ്പളത്തിൽ നിന്നും ഈടാക്കി ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവരുടേയും മുഴുവൻ തുകയും പിൻവലിച്ച് പ്രോവിഡന്റ് ഫണ്ട് ഇല്ലാത്തവരായി കണക്കാക്കി ഒറ്റത്തവണയായി നൽകാവുന്നതാണെന്ന് 26.02.2021ലെ സ.ഉ. (അ) 43/2021/ധന. നമ്പർ ഉത്തരവിൽ നിർദേശിച്ചത് പ്രകാരം ശമ്പളത്തിൽ നിന്നും മാറ്റിവെച്ച തുക ഒറ്റത്തവണയായി ജീവനക്കാർക്ക് നൽകാൻ 12.04.2021ന് വൈസ് ചാൻസിലർ ഉത്തരവിടുകയും ആയത് പേ റോൾ വൗച്ചർ നമ്പറുകൾ 21,22,23,24 / 22.06.2021 പ്രകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് (ചെക്ക് നമ്പർ 286112). ശമ്പളയിനത്തിലെ മാറ്റിവെക്കപ്പെട്ട തുക തിരികെ നൽകിയതിൽ എൻ.പി.എസ്. പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം കുറവ് വരുത്തേണ്ടതില്ലെന്ന 26.02.2021ലെ ഉത്തരവിലെ പരാമർശം 2021 സെപ്റ്റംബർ 1ലെ സ.ഉ. (അ) നമ്പർ 122/2021/ധന. നമ്പർ ഉത്തരവ് പ്രകാരം ഒഴിവാക്കിയതിനെ തുടർന്ന് സർവകലാശാലയിലെ ജീവനക്കാരുടെ എൻ.പി.എസ്. വിഹിതവും സർവകലാശാലയുടെ തത്തുല്യ വിഹിതവും ചേർത്തുള്ള തുകയായ 2,76,612 രൂപ വൗച്ചർ നമ്പർ 172/05.11.2021 പ്രകാരം (ചെക്ക് നമ്പർ 102012) പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്ന മുംബൈ ആക്സിസ് ബാങ്കിലെ എൻ.പി.എസ്. ട്രസ്റ്റ് അക്കൗണ്ട് നമ്പർ 3101335ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വൌച്ചറുകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1.** അദ്ധ്യാപകജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെ മാറ്റിവെക്കപ്പെട്ട ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും അടിസ്ഥാനത്തിലുള്ള എൻ.പി.എസ്. വിഹിതം കണക്കാക്കുമ്പോൾ ഈടാക്കാവുന്നതിലും ഉയർന്ന തുകയാണ് വൗച്ചർ നമ്പർ 172 പ്രകാരം അടവാക്കിയതായി കാണുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര. നം | അധ്യാപകന്റെ പേര് | പേ റോൾ വൌച്ചർ നമ്പർ 21 പ്രകാരം അനുവദിച്ച തുക | മാറ്റിവെക്കപ്പെട്ട തുകയിൽ നിന്നും HRA കുറവ് ചെയ്ത തുക | അടവാക്കേണ്ടിയിരുന്ന NPS വിഹിതം | വൗച്ചർ നമ്പർ 172 പ്രകാരം അടവാക്കിയ NPS വിഹിതം | അധിക തുക |
|---|---|---|---|---|---|---|
| 1 | ഡോ. സ്മിത കെ നായർ | 79944 | 78621 | 7862 | 9629 | 1767 |
| 2 | ഡോ. സന്തോഷ് എം | 75149 | 73826 | 7383 | 9068 | 1685 |
| 3 | ശ്രീ. ശശി കെ. വി | 71262 | 69939 | 6994 | 8541 | 1547 |
| 4 | ഡോ. പി. രോഷ്നി സ്വപ്ന | 78910 | 77587 | 7759 | 9629 | 1870 |
| 5 | ഡോ. അൻവർ എ. | 73280 | 71957 | 7196 | 8798 | 1602 |
| 6 | ഡോ. രാജീവ് മോഹൻ ആർ | 79944 | 78621 | 7862 | 9629 | 1767 |
| 7 | ഡോ. ധന്യ. ആർ | 70890 | 69567 | 6957 | 8541 | 1584 |
| 8 | ഡോ. സ്വപ്നറാണി എസ്. എസ് | 70890 | 69567 | 6957 | 8541 | 1584 |
| 9 | ശ്രീ. കെ. എസ്. ഹക്കിം | 65063 | 63985 | 6399 | 7816 | 1417 |
| 10 | ഡോ. ജയ്സി വർഗീസ് | 70890 | 69567 | 6957 | 8541 | 1584 |
| 11 | ഡോ. | 70890 | 69567 | 6957 | 8541 | 1584 |

| | | | | | | |
|---|---|---|---|---|---|---|
| | ശ്രീരാജ് എ പി | | | | | |
| 12 | ശ്രീമതി. ശ്രീജ വി | 61861 | 60783 | 6078 | 7593 | 1515 |
| 13 | ഡോ. മഞ്ജുഷ ആർ വർമ | 70890 | 69567 | 6957 | 8541 | 1584 |
| 14 | ഡോ. ശ്രീജ എൽ ജി | 70890 | 69567 | 6957 | 8541 | 1584 |
| 15 | ഡോ. വിദ്യ. ആർ | 66527 | 65449 | 6545 | 7816 | 1271 |
| 16 | ഡോ. സുധീർ എസ്. സലാം | 70890 | 69567 | 6957 | 8541 | 1584 |
| ആകെ | | | | | | 25529 |

മേൽ പരാമർശിച്ച അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് 26/2021-22 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സർവകലാശാലയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അധ്യാപകരിൽ നിന്നും അധികമായി ഈടാക്കിയ തുകയും മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ സർവകലാശാല അധികമായി അടവാക്കിയ തുകയും ക്രമീകരിക്കുന്നതിനുള്ള നടപടികൾ എൻ.എസ്.ഡി.എൽ.-മായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

**2.** 2020 ഏപ്രിൽ മാസത്തെ ശമ്പളബിൽ പരിശോധിച്ചതിൽ ശമ്പളത്തിൽ നിന്നും 20% തുക കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, 20% കുറവ് ചെയ്ത തുകയ്ക്ക് ആനുപാതികമായി കുറവ് വരുത്താതെ ആകെ ശമ്പളത്തിന് (അടിസ്ഥാന ശമ്പളം + ക്ഷാമബത്ത) ആനുപാതികമായുള്ള തുകയാണ് എൻ.പി.എസ്. വിഹിതമായി ശമ്പളത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. 2020 ഏപ്രിൽ മാസം എൻ.പി.എസ്. വിഹിതമായി പ്രസ്തുത തുക തന്നെയാണോ എൻ.പി.എസ്. ട്രസ്റ്റിലേക്ക് അടവാക്കിയത് എന്നതിൽ വ്യക്തത വരുത്തേണ്ടതും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണെന്ന് 26/2021-22 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സർവകലാശാലയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ഈ കാര്യത്തിൽ വ്യക്തത വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-3-7 ജി.പി.എഫ്.ചട്ടങ്ങൾ പ്രകാരമുള്ള വരിസംഖ്യ ഈടാക്കിയില്ല

07.02.2012ലെ സ.ഉ.(അ.) നം. 94/2012/ധന. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലാ പ്രോവിഡണ്ട് ഫണ്ട് ചട്ടങ്ങൾ 2014ലെ ചട്ടം 9 (1) ബി. പ്രകാരം ജി.പി.എഫ്. പ്രതിമാസവരിസംഖ്യ ജീവനക്കാരുടെ ശമ്പളത്തിന്റെ ആറ് ശതമാനത്തിൽ കുറവല്ലാത്തതും ശമ്പളത്തെ അധികരിക്കാത്തതുമായ തുക ആയിരിക്കണം. തൊട്ടുമുമ്പിലുള്ള വർഷം മാർച്ച് 31ന് സേവനത്തിലുണ്ടായിരുന്ന ജീവനക്കാരൻ ആ ദിവസം കൈപ്പറ്റിയിരുന്ന ശമ്പളമോ മാർച്ച് 31ന് സേവനത്തിൽ ഇല്ലാതിരുന്ന ജീവനക്കാരൻ ആണെങ്കിൽ ടിയാൾ സേവനത്തിൽ പ്രവേശിച്ച തീയതിയിലെ ശമ്പളമോ ആണ് ഇതിനായി പരിഗണിക്കേണ്ടത്. സർവകലാശാലയിലെ അധ്യാപകജീവനക്കാരുടെ 2021 മാർച്ച് മാസം മുതൽ 2022 ഫെബ്രുവരി വരെയുള്ള ശമ്പളബില്ലുകൾ പരിശോധിച്ചതിൽ ജി.പി.എഫ്. പ്രതിമാസവരിസംഖ്യയായി ചട്ടങ്ങളിൽ നിഷ്കർഷിച്ചതിലും കുറഞ്ഞ നിരക്കിലാണ് പല അധ്യാപകരിൽ നിന്നും ഈടാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | അധ്യാപകന്റെ പേര് | 31.03.2021ലെ/ പ്രവേശന തീയതിയിലെ ശമ്പളം | ജി.പി.എഫ്. ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട കുറഞ്ഞ ജി.പി.എഫ്. വരിസംഖ്യ | 2022 മാർച്ച് മാസം സർവകലാശാല ഈടാക്കിയ ജി.പി.എഫ്. വരിസംഖ്യ | കുറവ് |
|---|---|---|---|---|---|
| 1 | ഡോ. കെ.എം. ഭരതൻ | 167200 | 10032 | 10000 | 32 |
| 2 | ഡോ. സ്മിത കെ | 82300 | 4938 | 2000 | 2938 |

| | | | | | |
|---|---|---|---|---|---|
| | നായർ | | | | |
| 3 | ഡോ.ഇ.രാധാകൃഷ്ണൻ | 143600 | 8616 | 5000 | 3616 |
| 4 | ഡോ. പി. രോഷ്നി സ്വപ്ന | 82300 | 4938 | 2000 | 2938 |
| 5 | ഡോ. എ. അൻവർ | 75200 | 4512 | 4000 | 512 |
| 6 | ഡോ. ഗണേശ് സി. | 82300 | 4938 | 2000 | 2938 |
| 7 | ഡോ. ടി. അനിതകുമാരി | 199600 | 11976 | 10000 | 1976 |
| 8 | ഡോ. ധന്യ. ആർ | 73000 | 4380 | 3500 | 880 |
| 9 | ഡോ. വിദ്യ. ആർ | 66800 | 4008 | 3000 | 1008 |
| 10 | ഡോ. സുധീർ എസ്. സലാം | 73000 | 4380 | 4000 | 380 |
| 11 | ഡോ.സുനീത. ടി.വി. | 143600 | 8616 | 5000 | 3616 |

സർവകലാശാല ജി.പി.എഫ്. പ്രതിമാസവരിസംഖ്യയായി ചട്ടങ്ങളിൽ നിഷ്കർഷിച്ചതിലും കുറഞ്ഞ നിരക്കിൽ വരിസംഖ്യ ഈടാക്കിയതിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള വരിസംഖ്യ ഈടാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

### 1-3-8 ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി - നിർദ്ദിഷ്ട വരിസംഖ്യ ഈടാക്കിയിട്ടില്ല

2019ലെ ശമ്പള പരിഷ്കരണത്തിൽ ശമ്പളസ്കെയിലുകൾ പരിഷ്കരിച്ചതിനെ തുടർന്ന് ആയതിന് ആനുപാതികമായി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രതിമാസവരിസംഖ്യയുടെ കുറഞ്ഞ / പരമാവധി നിരക്കുകൾ 26.11.2021ലെ സ.ഉ.(അച്ചടി) നം. 156/2021/ധന. നമ്പർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരം ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ സർക്കാർ ജീവനക്കാർ അല്ലാത്ത വിഭാഗത്തിലുള്ള ജീവനക്കാരിൽ ഉൾപ്പെടുന്നതും എന്നാൽ പൊതുവായ ശമ്പളപരിഷ്കരണ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായ ശമ്പളഘടനയുള്ള, എല്ലാ ജീവനക്കാർക്കും വരിസംഖ്യയുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ നിരക്ക് പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനമായി നിശ്ചയിച്ചിരുന്നു. "പ്രതിമാസവരുമാനം' എന്നത് അടിസ്ഥാന ശമ്പളം, പേർസണൽ പേ, സ്പെഷ്യൽ , ഗ്രേഡ് പേ, ക്ഷാമബത്ത എന്നിവയുടെ ആകെ തുകയായിരിക്കും. പ്രതിമാസവരുമാനത്തിന്റെ 1.5 ശതമാനത്തിനെ നൂറിന്റെ ഗുണിതമായി മുകളിലേയ്ക്ക് റൗണ്ട് ചെയ്ത് നിർണ്ണയിക്കേണ്ടതാണ്. പരമാവധി വരിസംഖ്യ 2000/- (രണ്ടായിരം രൂപ മാത്രം) എന്ന വ്യവസ്ഥയക്ക് വിധേയമായി ഇത്തരത്തിൽ നിശ്ചയിക്കുന്ന തുകയുടെ രണ്ട് മടങ്ങ് വരെ പ്രസ്തുത ജീവനക്കാർക്ക് പ്രതിമാസ വരിസംഖ്യയായി അടയ്ക്കാവുന്നതാണ് എന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ബാധകമായ എല്ലാ ജീവനക്കാരും 2021 ഡിസംബർ മാസത്തെ ശമ്പളബില്ലിൽ നിന്ന് പരിഷ്കരിച്ച നിരക്കിലുള്ള പ്രതിമാസവരിസംഖ്യ ഒടുക്കുന്നുവെന്ന് ഉറപ്പാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ നിർദേശിച്ചിരുന്നു.

സർവകലാശാലയിലെ അധ്യാപകജീവനക്കാരുടെ 2021 ഡിസംബർ മാസം മുതൽ 2022 ഫെബ്രുവരി വരെയുള്ള ശമ്പളബില്ലുകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച കുറഞ്ഞ നിരക്കിൽ സർവകലാശാല പ്രതിമാസവരിസംഖ്യ ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | അധ്യാപകന്റെ പേര് | അടിസ്ഥാന ശമ്പളം + ക്ഷാമബത്ത | സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ട കുറഞ്ഞ ജി.ഐ.എസ്. പ്രീമിയം | സർവകലാശാല ഈടാക്കിയ ജി.ഐ.എസ്. പ്രീമിയം | കുറവ് |
|---|---|---|---|---|---|
| 1 | ഡോ. കെ.എം. ഭരതൻ | 2,01,474 | 2000 | 1500 | 500 |

| | | | | | |
|---|---|---|---|---|---|
| 2 | ഡോ. സ്മിത കെ നായർ | 99,216 | 1500 | 1000 | 500 |
| 3 | ഡോ. സന്തോഷ് എം. | 93,366 | 1500 | 1000 | 500 |
| 4 | ശ്രീ കെ.വി. ശശി | 87,894 | 1400 | 1000 | 400 |
| 5 | ഡോ.ഇ.രാധാകൃഷ്ണൻ | 1,73,043 | 2000 | 1500 | 500 |
| 6 | ഡോ. മുഹമ്മദ് റാഫി എൻ.വി. | 99,216 | 1500 | 1000 | 500 |
| 7 | ഡോ. പി. രോഷ്നി സ്വപ്ന | 99,216 | 1500 | 1000 | 500 |
| 8 | ഡോ. എ. അൻവർ | 90,675 | 1400 | 1000 | 400 |
| 9 | ഡോ. അശോക് എ. ഡിക്രൂസ് | 99,216 | 1500 | 1000 | 500 |
| 10 | ഡോ. ഗണേശ് സി. | 99,216 | 1500 | 1000 | 500 |
| 11 | ശ്രീമതി കെ.എസ്. രാഗിണി | 85,527 | 1300 | 1000 | 300 |
| 12 | ഡോ. ജി. സജിന | 99,216 | 1500 | 1000 | 500 |
| 13 | ഡോ. ആർ. രാജീവ് മോഹൻ | 99,216 | 1500 | 1000 | 500 |
| 14 | ഡോ. സി. സെയ്തലവി | 1,73,043 | 2000 | 1500 | 500 |
| 15 | ഡോ. ടി. അനിതകുമാരി | 2,40,552 | 2000 | 1500 | 500 |
| 16 | ഡോ. ധന്യ. ആർ | 87,984 | 1400 | 1000 | 400 |
| 17 | ഡോ. സ്വപ്നാറാണി. എസ്.എസ് | 87,984 | 1400 | 1000 | 400 |
| 18 | ശ്രീ കെ.എസ്. ഹക്കിം | 80,496 | 1300 | 1000 | 300 |
| 19 | ഡോ. ജെയ്സി വർഗ്ഗീസ് | 87,984 | 1400 | 1000 | 400 |
| 20 | ഡോ. ശ്രീരാജ്. എ.പി | 87,984 | 1400 | 1000 | 400 |
| 21 | ശ്രീമതി ശ്രീജ വി. | 78,156 | 1200 | 1000 | 200 |
| 22 | ഡോ. മഞ്ജുഷ ആർ. വർമ്മ | 87,984 | 1400 | 1000 | 400 |
| 23 | ഡോ. ശ്രീജ എൽ.ജി. | 87,984 | 1400 | 1000 | 400 |
| 24 | ഡോ. വിദ്യ. ആർ | 80,496 | 1300 | 1000 | 300 |
| 25 | ഡോ. സുധീർ എസ്. സലാം | 87,984 | 1400 | 1000 | 400 |
| 26 | ഡോ.സുനീത. ടി.വി. | 1,73,043 | 2000 | 1500 | 500 |
| 27 | ഡോ. ബാബുരാജൻ കെ. | 1,53,738 | 2000 | 1500 | 500 |

| | | | | | |
|---|---|---|---|---|---|
| 28 | ഡോ. ശുഭ കെ. | 67,509 | 1100 | 1000 | 100 |
| 29 | ഡോ. ശ്രീദേവി പി. | 67,509 | 1100 | 1000 | 100 |
| 30 | ഡോ. സുന്ദരരാജൻ ടി. | 1,53,738 | 2000 | 1500 | 500 |
| 31 | ഡോ. അരുൺ ബാബു. വി. | 67,509 | 1100 | 1000 | 100 |
| 32 | ഡോ. മല്ലിക എം.ജി. | 1,53,738 | 2000 | 1500 | 500 |
| 33 | ഡോ. അനിൽ കെ.എം. | 1,68,714 | 2000 | 1500 | 500 |

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിലും കുറഞ്ഞ നിരക്കിൽ ജി.ഐ.എസ്. പ്രതിമാസവരിസംഖ്യ സർവകലാശാല ഈടാക്കിയതിൽ വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി 9/2021-22 പ്രകാരം തേടിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള ജി.ഐ.എസ്. പ്രതിമാസവരിസംഖ്യ ഈടാക്കുന്നതിനുള്ള അടിയന്തരനടപടികൾ കൈക്കൊള്ളേണ്ടതും ഇത് വരെ വന്നിട്ടുള്ള കുറവ് കുടിശികയായി അടവാക്കാനുള്ള നടപടികൾ ജില്ലാ ഇൻഷ്വറൻസ് ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതുമാണ്.

### 1-3-9 മുൻകൂർ തുകകളുടെ ക്രമീകരണം - അപാകതകൾ

എ) **<u>മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല</u>**

2021-22 വർഷ അഡ്വാൻസ് രജിസ്റ്റർ പ്രകാരം സർവ്വകലാശാല ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ അനുവദിച്ച താഴെ പറയുന്ന തുകകൾ നാളിതുവരേയും ക്രമീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | വൌച്ചർ നമ്പർ | കൈപ്പറ്റിയ വ്യക്തി | ഉദ്ദേശ്യം | കൈപ്പറ്റിയ തുക | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | 15589/ 23.8.2016 | ശ്രീമതി അനുഗ്രഹ.എ.ജി | യൂണിയൻ ഉത്ഘാടനം | 6000 | 0 | 6000 |
| 2 | 49/6.4.2016 | സ്റ്റുഡന്റ്സ് യൂണിയൻ | യൂണിയൻ ചെലവുകൾ | 51200 | 0 | 51200 |
| 3 | 2157/20.2.17 | ശ്രീ.സഞ്ജുബ് | സാഹിതി 2017 | 7000 | 0 | 7000 |
| 4 | 1091/15.9.17 | CWRDM | മഴവെള്ളക്കൊയ്ത്ത് | 25000 | 0 | 25000 |
| 5 | - | രമ്യ. ഇ.പി. PHD | സ്റ്റൈപ്പന്റ് | 52645 | 20,000 | 32645 |
| 6 | 13.11.2020 | KELTRON | കമ്പ്യൂട്ടർ വാങ്ങൽ | 481548 | 477564 | 3984 |
| 7 | 14.3.2022 | KELTRON | ഡെസ്ക് ടോപ്പ് വാങ്ങൽ | 149817 | 52647 | 97170 |
| 8 | 7.3.2022 | ഡോ:ശ്രീദേവി.പി, അസി.പ്രൊഫസർ | ഡോക്യുമെന്ററി | 50,000 | 0 | 50,000 |

പ്രസ്തുതതുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/ 26.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുതതുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) **<u>മുൻകൂർ തുകകളുടെ ക്രമീകരണം – സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല</u>**

2021-22 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി മുമ്പ് അനുവദിച്ച മുൻകൂർ തുകകളിൽ ചിലത് ഓഡിറ്റ് വർഷത്തിൽ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക | ആവശ്യം | വൌച്ചർ നമ്പർ/ | ക്രമീകരിച്ച വൌച്ചർ | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | തീയതി | നമ്പർ/ തീയതി | |
| 1 | ഡോ. സതീഷ്, അസി. പ്രൊഫസർ | 5,000 | PTA ഫണ്ട് രൂപീകരണം | 386/ 24-01-19 | ശമ്പളത്തിൽ നിന്നും 5000 രൂപ ഈടാക്കി (Pay Roll No/date: 20/22-06-21 | |
| 2 | ഡോ. രോഷ്നി സ്വപ്ന, അസി. പ്രൊഫസർ | 4,500 | സമീക്ഷ - നാടകം | 1130/ 19-09-17 | 26/ 31-03-22 | 29-08-19ന് വൌച്ചറുകൾ ഹാജരാക്കി (2 വർഷങ്ങൾക്ക് ശേഷം) |
| | | 10,000 | ആധുനികതക്ക് ശേഷം നാടക പ്രസ്ഥാനങ്ങൾ | 1910/ 17-01-18 | 27/31-03-22 | 29-08-19ന് വൌച്ചറുകൾ ഹാജരാക്കി (1.5 വർഷങ്ങൾക്ക് ശേഷം) |
| 3 | ഡോ.സൈതലവി, അസോ. പ്രൊഫസർ | 10,000 | Pain & palliative programme | 206/04-05-17 | 23/31-03-22 | 27-10-21ന് വൌച്ചറുകൾ ഹാജരാക്കി (4.5 വർഷങ്ങൾക്ക് ശേഷം) |
| | | 10,000 | പ്രൊജക്ട്- ഭാഷാഭേദ സർവ്വേ | 1487/ 25-10-17 | 24/31-03-22 | 29-10-21ന് വൌച്ചറുകൾ ഹാജരാക്കി (4 വർഷങ്ങൾക്ക് ശേഷം) |
| 4 | വിവേക്. പി | 98,000 | Game project – ഭാഷാ ടെക്നോളജി | 413/ 12-06-17 | 43/31-03-22 | 17-11-17ന് വൌച്ചറുകൾ ഹാജരാക്കി(5 മാസങ്ങൾക്ക് ശേഷം) |
| 5 | ഡോ. അശോക് ഡിക്രൂസ്, അസോ. പ്രൊഫസർ | 15,000 | പ്രൊജക്ട് - പോർച്ചുഗീസ് ഇതിഹാസത്തിലെ കോഴിക്കോട് | 673/ 18-07-17 | 25/31-03-22 | 22-07-19ന് വൌച്ചറുകൾ ഹാജരാക്കി (2 വർഷങ്ങൾക്ക് ശേഷം) |
| 6 | | 5,000 | പോസ്റ്റൽ സ്റ്റാമ്പ് | 13/16-04-21 | 7/15-12-21 | (8 മാസങ്ങൾക്ക് ശേഷം) |

കേരളാ ഫിനാൻഷ്യൽ കോഡ് , വോള്യം I, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂറുകൾ കൈപ്പറ്റിയാൽ ആയത് എത്രയും പെട്ടെന്ന് ക്രമീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നമ്പർ (1) ഒഴികെ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള മുൻകൂർ തുകകൾ എല്ലാം കൈപ്പറ്റി മാസങ്ങൾക്കും വർഷങ്ങൾക്കും ശേഷമാണ് ചെലവുമായി ബന്ധപ്പെട്ട വൌച്ചറുകൾ ഹാജരാക്കിയിട്ടുള്ളത്. അതിനും ശേഷമാണ് മേൽ ചെലവുകൾ ക്രമീകരിച്ചിട്ടുള്ളതും. ക്രമ നമ്പർ (1) ൽ ചെലവു രേഖകൾ ഹാജരാക്കിയിട്ടുമില്ല.

G.O.(P)No. 419/2011/Fin. തീ: 4-10-2011, ഖണ്ഡിക 4(iii) പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ചെലവു രേഖകൾ സമർപ്പിച്ച് ആയത് ക്രമീകരിക്കാത്ത പക്ഷം അനുവദിച്ച മുഴുവൻ തുകയും മേൽ സമയ പരിധിക്ക് ശേഷം ഒറ്റത്തവണയായി തിരിച്ചു പിടിക്കാനും അതോടൊപ്പം മുഴുവൻ തുകക്കും 18% നിരക്കിൽ പലിശ ഈടാക്കാനും ഉത്തരവായിട്ടുണ്ട്. ഇതേ ഉത്തരവിന്റെ ഖണ്ഡിക 4(ii) പ്രകാരം മുൻകൂർ തുകയിൽ ചെലഴിക്കാത്ത തുക 18% പലിശ സഹിതം സമയപരിധിക്ക് ശേഷം ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ മേൽ പട്ടികയിൽ പരാമർശിക്കപ്പെട്ട മുൻകൂർ തുകകളുടെ ചെലവുരേഖകളുടെ സമർപ്പണത്തിലും ക്രമീകരണത്തിലുമുണ്ടായ കാലതാമസത്തിനും മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - നമ്പർ/തീ:39/21-12-23 – മറുപടി ലഭ്യമായിട്ടില്ല.

വിവിധ ആവശ്യങ്ങൾക്കായി മുൻകൂറുകൾ അനുവദിക്കുന്നത് ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയാണ്, പ്രവർത്തനങ്ങൾ നടത്തിയിട്ടും ചെലവു രേഖകൾ സമയബന്ധിതമായി സമർപ്പിക്കാതെ, വർഷങ്ങൾക്ക് ശേഷം മാത്രം അവ സമർപ്പിക്കുന്നത് ന്യായീകരിക്കാവുന്നതല്ല.അത്തരം രീതികൾ പൊതുപണം കൈകാര്യം ചെയ്യുമ്പോൾ അഭിലഷണിയമല്ല, അത്തരം സന്ദർഭങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കിയാണ് അപ്രകാരമുള്ള ചെലവുകൾ ക്രമീകരിക്കേണ്ടത്. അതിന് കടക വിരുദ്ധമായിട്ടാണ് മേൽ പരാമർശിക്കപ്പെട്ട മുൻകൂർ ചെലവുകളുടെ ക്രമീകരണം നടത്തിയിട്ടുള്ളത്. ആയതിനാൽ പട്ടികയിൽ പരാമർശിക്കപ്പെട്ട മുൻകൂർ തുകകൾ അവ കൈപ്പറ്റിയ തീയതി മുതൽ ചെലവുരേഖകൾ ഹാജരാക്കിയ/തുക തിരിച്ചടച്ച തീയതി വരെയുള്ള കാലയളവിലേക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴപ്പലിശ ഈടാക്കി വിവരം അറിയിക്കണ്ടതാണ്.

### 1-3-10 പ്രത്യേക യാത്രാബത്ത അനുവദിച്ചത് -രേഖകളിൽ പൊരുത്തക്കേടുകൾ - തുക തടസപ്പെടുത്തുന്നു.

കരാറടിസ്ഥാനത്തിൽ സർവകലാശാലയിലെ ലെയ്സൺ ഓഫിസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ പി. മനോഹരന് ലോക്ഡൗൺ കാലയളവിൽ അത്യാവശ്യ ഔദ്യോഗികാവശ്യങ്ങൾക്കായി സെക്രട്ടറിയേറ്റിൽ പോയതിന് യാത്രയ്ക്കായി സ്വകാര്യവാഹനങ്ങളെ ആശ്രയിക്കേണ്ടി വന്നതിനാൽ യാത്രാചെലവിനത്തിൽ 2,000 രൂപ അനുവദിക്കണമെന്ന് അപേക്ഷ നൽകുകയും കോവിഡ് പ്രത്യേകസാഹചര്യം കണക്കിലെടുത്ത് യാത്രക്ക് ചെലവായ 2,000 രൂപ ലെയ്സൺ ഓഫീസറായ ശ്രീ മനോഹരൻ പി.ക്ക് നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവിടുകയും 28.07.2021ലെ 3627/ എ1/2019/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ആയത് അനുവദിക്കുകയും ചെയ്തു. 97/04.08.2021 നമ്പർ വൗച്ചർ പ്രകാരം തുക അനുവദിച്ചു. എന്നാൽ, വൗച്ചറിനൊപ്പം യാത്ര സംബന്ധിച്ചുള്ള വിവരങ്ങളോ യാത്രാബില്ലോ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചതിലും യാത്രാവിവരങ്ങൾ വിശദമാക്കുന്ന രേഖകളൊന്നും തന്നെ ഉൾപ്പെടുത്തിക്കാണുന്നില്ല. ശ്രീ മനോഹരൻ ഇമെയിലായി സമർപ്പിച്ച അപേക്ഷ മാത്രം പരിഗണിച്ചാണ് യാത്രാച്ചെലവ് അനുവദിച്ചതായി കാണുന്നത്. യാത്രാതീയതി, യാത്ര തുടങ്ങിയതും അവസാനിപ്പിച്ചതുമായ സ്ഥലങ്ങൾ, യാത്രാ ഉദ്ദേശ്യം തുടങ്ങിയ യാത്രാവിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ യാത്രാഡയറിയോ മറ്റ് രേഖകളോ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 22/2021-22 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി 26.06.2021ന് ശ്രീ പി. മനോഹരൻ സമർപ്പിച്ച യാത്രാവിവരങ്ങളടങ്ങിയ ഡയറിയുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. 2021 ജനുവരി മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ ബസ് മാർഗ്ഗം നടത്തിയ യാത്രകൾക്ക് ചെലവായ തുകയാണ് ശ്രീ പി. മനോഹരൻ അനുവദിക്കാനായി അഭ്യർത്ഥിച്ചിട്ടുള്ളതെന്ന് യാത്രാഡയറിയിലെ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. എന്നാൽ, 26.06.2021ൽ തന്നെ അദ്ദേഹം സർവകലാശാലക്ക് സമർപ്പിച്ചതായി കാണിച്ച് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇമെയിലായി സമർപ്പിച്ച അപേക്ഷ പ്രകാരം ലോക്ഡൗൺ കാലയളവിൽ അത്യാവശ്യ ഔദ്യോഗികാവശ്യങ്ങൾക്കായി സെക്രട്ടറിയേറ്റിൽ പോകേണ്ടി വന്നതിനാൽ യാത്രയ്ക്കായി സ്വകാര്യകാർ/ ടൂറിസ്റ്റ് ബസ് എന്നിവയെ ആശ്രയിക്കേണ്ടി വന്നതിനാൽ യാത്രാചെലവിനത്തിൽ 2,000 രൂപ അനുവദിക്കണമെന്നാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സമർപ്പിച്ച രേഖകളിൽ സ്വകാര്യകാറിൽ യാത്ര ചെയ്തതായി കാണുന്നില്ല. 2021 മെയ്, ജൂൺ മാസങ്ങളിൽ മാത്രമായിരുന്നു കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ലോക്ഡൗൺ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ, 2021 ജനുവരി മുതൽ ജൂൺ മാസം വരെയുള്ള കാലയളവിലെ യാത്രകൾക്കുള്ള യാത്രാബത്തയാണ് യാത്രാഡയറി പ്രകാരം ലോക്ഡൗൺ കാലയളവിലെ പ്രത്യേക യാത്രാബത്ത എന്ന രീതിയിൽ അഭ്യർത്ഥിച്ചിട്ടുള്ളത്. വൗച്ചറിനൊപ്പം സമർപ്പിച്ച രേഖകളും സർവകലാശാല ഉത്തരവിലെ വിവരങ്ങളും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സമർപ്പിച്ച രേഖകളും പരസ്പരം പൊരുത്തപ്പെടുന്നവയല്ല. ആയതിനാൽ, 2,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

### 1-3-11 യാത്രാബത്ത ബില്ലുകളിൽ അശ്രദ്ധമായി നടപടികൾ സ്വീകരിക്കുന്നു

2022 മാർച്ച് 7 മുതൽ 11 വരെ മലയാളസർവകലാശാലയിൽ നടന്ന പൈത്തൺ പ്രോഗ്രാമിംഗ് ശിൽപശാലയിൽ പങ്കെടുത്തതിന് ഡോ. പ്രജിഷ എ.കെ., റിസർച്ച് അസിസ്റ്റന്റ്, ICFOSS തിരുവനന്തപുരം എന്നയാൾക്ക് 5830 രൂപ വൗച്ചർ നമ്പർ 360/17.03.2021 പ്രകാരം (ആകെ തുക 1,27,234 രൂപ) അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ഇനത്തിൽ 830 രൂപയും

സിറ്റിംഗ് ഫീ/ ഓണറേറിയം ഇനത്തിൽ 5000 രൂപയും ചേർത്താണ് 5830 രൂപ അനുവദിച്ചിട്ടുള്ളത്. ഡോ. പ്രജിഷ എ.കെ. സമർപ്പിച്ചിട്ടുള്ള യാത്രാബത്ത ബിൽ വിവരങ്ങൾ പ്രകാരം തിരുവനന്തപുരത്ത് നിന്നും മലയാളസർവകലാശാലയിലേക്ക് യാത്ര ചെയ്തത് 11.03.2022നാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മടക്കയാത്ര എന്നാണ് ചെയ്തിട്ടുള്ളത് എന്ന് ബില്ലിൽ നിന്ന് വ്യക്തമല്ല. ഈ യാത്രകൾക്കായി 830 രൂപ യാത്രാബത്തയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ, 09.03.2022, 10.03.2022 തീയതികളിൽ മലയാളസർവകലാശാലയിൽ 4 സെഷൻ ക്ലാസുകൾ കൈകാര്യം ചെയ്തു എന്ന് രേഖപ്പെടുത്തിയാണ് ഹോണറേറിയമായി 5000 രൂപ ഇതേ ബിൽ പ്രകാരം അനുവദിച്ചിട്ടുള്ളത്.

ഈ പൊരുത്തക്കേടിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/2021-22ന് സർവകലാശാല മറുപടി നൽകിയിട്ടുണ്ട്. ഡോ. പ്രജിഷ എ.കെ. സമർപ്പിച്ചിട്ടുള്ള യാത്രാബത്ത ബില്ലിൽ 11.03.2022 എന്ന് ആദ്യഭാഗത്ത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ബില്ലിന്റെ ഒന്നാം ഭാഗത്ത് രേഖപ്പെടുത്തിയിട്ടുള്ള 09.03.2022, 10.03.2022 തീയതികളിലാണ് യാത്ര നടത്തിയിട്ടുള്ളത് എന്നത് അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നുമാണ് മറുപടിയായി സർവകലാശാല അറിയിച്ചിട്ടുള്ളത്.

അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം. സന്തോഷിനെതിരെ വിദ്യാർത്ഥികൾ ഉന്നയിച്ച പരാതി അന്വേഷിച്ച കമ്മീഷന്റെ മലയാളസർവകലാശാല ക്യാമ്പസിൽ വെച്ച് 2022 ഫെബ്രുവരി 24ന് നടന്ന സിറ്റിംഗിൽ പങ്കെടുത്തതിന് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രൊഫസർ ഡോ. വി. ലിസി മാത്യുവിന് യാത്രാബത്ത, സിറ്റിംഗ് ഫീ എന്നീ ഇനങ്ങളിലായി 3860 രൂപ അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം. 355/11.03.2022 - ചെക്ക് നം. 4553293 - വൗച്ചറിലെ ആകെ തുക 1,90,470 രൂപ). ഡോ. ലിസി മാത്യുവിന് യാത്രാബത്ത അനുവദിച്ച ബിൽ പരിശോധിച്ചതിൽ യാത്രാബത്തയായി 2860 രൂപയും സിറ്റിംഗ് ഫീസായി 1000 രൂപയും ഉൾപ്പെടെയാണ് 3860 രൂപ അനുവദിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അനുവദിച്ച യാത്രാബത്ത സംബന്ധിച്ച വിവരങ്ങൾ താഴെ വിശദമാക്കുന്ന പ്രകാരമാണ്.

| തീയതി | യാത്ര | യാത്രാവാഹനവും തരവും | തുക (രൂപ) |
|---|---|---|---|
| 23.02.2022 – 24.02.2022 | കാലടി - തിരൂർ | ട്രെയിൻ (2nd എസി) | 915 |
| 24.02.2022 – 24.02.2022 | തിരൂർ - മലയാളസർവകലാശാല | ബസ് | 15 |
| 24.02.2022 – 24.02.2022 | മലയാളസർവകലാശാല - തിരൂർ | ബസ് | 15 |
| 24.02.2022-25.02.2022 | തിരൂർ - കാലടി | | 915 |
| ഡി.എ./സിറ്റിംഗ് ഫീ | | | 1000 |
| ആകെ | | | 2860 |

യാത്രാബില്ല് പ്രകാരം 23.02.2022, 24.02.2022 തീയതികളിലെ നടത്തിയ യാത്രക്ക് അർഹമായ യാത്രബത്തയായ 1860 രൂപ അനുവദിച്ചതിന് പുറമെ ആയിരം രൂപ കൂടി ഡി.എ./സിറ്റിംഗ് ഫീ ഇനത്തിൽ അധികമായി അനുവദിച്ചതായി കാണുന്നു. യാത്രയിൽ താമസം ഉൾപ്പെട്ടിട്ടില്ല എന്നതിനാൽ ഡി.എ ഇനത്തിൽ അധികതുക അനുവദിക്കാൻ കഴിയില്ല. സിറ്റിംഗ് ഫീ ഇനത്തിൽ 1000 രൂപ പ്രത്യേകം അനുവദിച്ചിട്ടുള്ളതിനാൽ വീണ്ടും ആയത് അനുവദിക്കാൻ കഴിയില്ല.

ഈ തുക ഏത് ഇനത്തിൽ അനുവദിച്ചതാണെന്ന് വ്യക്തത വരുത്തി മറുപടി നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 11/2021-22 പ്രകാരം ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ സർവകലാശാല മറുപടി നൽകിയിട്ടുണ്ട്. സിറ്റിംഗ് ഫീ 2000 രൂപ എന്ന് രേഖപ്പെടുത്തുന്നതിന് പകരം 1000 രൂപ എന്നും യാത്രാബത്ത ഇനത്തിൽ 1860 രൂപ എന്ന് രേഖപ്പെടുത്തുന്നതിന് പകരം 2860 രൂപ എന്നും തെറ്റായി രേഖപ്പെടുത്തിയതാണെന്നും യാത്രാബത്തയിൽ ഡി.എ. എന്ന നിലയിൽ 1000 രൂപ അനുവദിച്ചിട്ടില്ലെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

തെറ്റായ രേഖപ്പെടുത്തലുകളോടെ സമർപ്പിക്കുന്ന യാത്രാരേഖകളിന്മേൽ കൃത്യമായ മേൽനോട്ടമോ പരിശോധനകളോ കൂടാതെ തുക അനുവദിക്കുന്നത് കാരണമാണ് മേൽ പരാമർശിച്ച രീതിയിലുള്ള പൊരുത്തക്കേടുകൾ സംഭവിക്കുന്നത്. കാര്യക്ഷമമായ ആഭ്യന്തരപരിശോധനാസംവിധാനങ്ങളുടെ അഭാവമാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. ഭാവിയിൽ സമാനമായ അപാകതകൾ ഒഴിവാക്കാനാവശ്യമായ ജാഗ്രത പാലിക്കേണ്ടതാണ്.

### 1-3-12 ആസ്ഥാന മന്ദിര നിർമ്മാണം - കോസ്റ്റ്ഫോർഡുമായി ചമച്ച കരാർ - അപാകതകൾ

തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ മാങ്ങാട്ടിരി പാലത്തിന് സമീപം ഏറ്റെടുത്ത 4.2078 ഹെക്ടർ ഭൂമിയിൽ സർവകലാശാലയുടെ ആസ്ഥാന മന്ദിരവും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് 13-05-2020 ന് 457/ക്യാമ്പ.ഡവ./2020/VC നമ്പർ പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരുന്നു. കെട്ടിടങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതടക്കമുള്ള പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയും മേൽനോട്ട ചുമതലയുമാണ് കോസ്റ്റ്ഫോർഡിനെ ഏല്പിക്കുന്നതെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

20-11-20ന് സർവകലാശാലയെ പ്രതിനിധീകരിച്ച് സർവകലാശാല രജിസ്ട്രാർ ഒന്നാം കക്ഷിയായും കോസ്റ്റ്ഫോർഡിനെ പ്രതിനിധീകരിച്ച് കോസ്റ്റ്ഫോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ രണ്ടാം കക്ഷിയായും ചേർന്ന് 049/2020-21 നമ്പർ ആയി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. ടി കരാറിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ അടക്കമുള്ള Detailed Project Report (കരട്) തയ്യാറാക്കി കോസ്റ്റ്ഫോർഡ് സർവകലാശാലക്ക് സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. G.O.(P) No, 95/2017/Fin, തീയതി: 23-07-17, ഖണ്ഡിക 3(3) പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ സാങ്കേതിക മികവ് , സെന്റേജ് ചാർജ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികൾ (Bidding process) സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ കോസ്റ്റ്ഫോർഡിന് നേരിട്ട് പ്രവൃത്തി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. കരാറിലെ ഖണ്ഡിക 3(b) പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 0.5% പ്രതിഫലമായി കോസ്റ്റ്ഫോർഡിന് നൽകണം.കരാർ പ്രകാരം 60 കോടിയാണ് എസ്റ്റിമേറ്റ് തുക. അതനുസരിച്ച് 30,00,000 രൂപയാണ് നൽകേണ്ടത്. എന്നാൽ ആയത് 81,44,347 രൂപ (with GST) എന്ന് രേഖപ്പെടുത്തിയാണ് 29-12-21 ലെ 457/ക്യാമ്പ.ഡവ./ 2020/VC നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടം എന്ന നിലയിൽ 14,00,000 രൂപ വൗച്ചർ നമ്പർ 258 പ്രകാരം 31-12-21ന് (ചെക്ക് നമ്പർ: 5774169, തീയതി: 31-12-21 } പിൻവലിച്ച് GST, മറ്റ് നികുതികൾ എന്നിവ കുറച്ച ശേഷം 12,32,000രൂപ കോസ്റ്റ്ഫോർഡിന് അനുവദിച്ചിട്ടുണ്ട്.

3. ടി കെട്ടിടത്തിന്റെ Structural Design ചെയ്യുന്നതിനായി 6,91,000 രൂപക്കുള്ള എസ്റ്റിമേറ്റ് സർവകലാശാലാ എൻജിനീയർ തയ്യാറാക്കിയിട്ടുണ്ട്. (Please see Lr. No. 457/60/ക്യാമ്പ. ഡവ./2020/VC, 14-06-23). കരാർ പ്രകാരം Structural Design തയ്യാറാക്കേണ്ടത് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയാണ് എന്നിരിക്കെ ആയത് സർവകലാശാലാ എൻജിനീയർ തയ്യാറാക്കിയതെങ്ങനെ എന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3-13 നഷ്ടപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ - തുടർനടപടികളുടെ വിശദവിവരം ലഭ്യമല്ല

2021 ഏപ്രിൽ മാസത്തിന് ശേഷം ലൈബ്രറിയിലെ സ്റ്റോക്ക് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിലെ സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട്, 2021 ഏപ്രിൽ മാസത്തിൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ നഷ്ടപ്പെട്ടതായി കണ്ടെത്തിയ 35 പുസ്തകങ്ങളുടെ വിവരങ്ങൾ, നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ സാധ്യമാകാത്തവയുടെ നഷ്ടപരിഹാരം ഈടാക്കുന്നതിനോ സർവകലാശാല സ്വീകരിച്ച നടപടികൾ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 35/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയുന്ന മറുപടികളാണ് സർവകലാശാല ലഭ്യമാക്കിയിട്ടുള്ളത്.

1. 2021 ഏപ്രിൽ മാസത്തിനു ശേഷം ലൈബ്രറിയിൽ സ്റ്റോക്ക് പരിശോധിച്ചിട്ടില്ല.

2. നഷ്ടപ്പെട്ട പുസ്തകങ്ങളുടെ പട്ടികയിലെ ഓരോ പുസ്തകവും ഇടയ്ക്കിടെ അന്വേഷിക്കുകയും അലമാരയിൽ നിന്നും മറ്റും ചില പുസ്തകങ്ങൾ പലപ്പോഴായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ലൈബ്രറി നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ഏതാനും പുസ്തകങ്ങൾ കൂടി ഇങ്ങനെ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് സമയത്ത് ഹാജരാക്കിയ നഷ്ടപ്പെട്ട പുസ്തകങ്ങളുടെ പട്ടികയിൽ മാറ്റം വന്നിട്ടുണ്ട്. പുതുക്കിയ പട്ടികയും ഇതോടൊപ്പം സമർപ്പിക്കുന്നു.

| ക്രമനം. | പുസ്തകത്തിന്റെ പേര് |
|---|---|
| 1 | ഇന്ദുലേഖ - ചന്തുമേനോൻ, ഒ. |
| 2 | ലോകോത്തരകഥകൾ ചെക്കോവ് - ചെക്കോവ്, ആന്റൺ |
| 3 | എം ഗോവിന്ദൻ: ജീവിതവും ആശയവും - രാധാകൃഷ്ണൻ എ. |

| | |
|---|---|
| 4 | കാഥികന്റെ കല - വാസുദേവൻനായർ, എം. ടി. |
| 5 | Quantitative Aptitude - Aggarwal, R. S |
| 6 | ഭാഷാശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ - ആൻഡ്രൂസ് കുട്ടി, എ. പി. |
| 7 | കിഴവനും കടലും - ഹെമിംഗ് വേ, ഏണസ്റ്റ് |
| 8 | മാലിന്യസംസ്കരണം - രാമചന്ദ്രൻ, കെ. |
| 9 | സാഹിത്യചരിത്രവിജ്ഞാനീയം |
| 10 | കേരളത്തിലെ ചുവർചിത്രങ്ങൾ - ശശിഭൂഷൺ, എം. ജി. |
| 11 | സിനിമ - ചന്ദ്രശേഖർ, എ. |
| 12 | Indian caste system: |
| 13 | The Image trap: Pandian, M.S.S |
| 14 | Mass media research: Wimmer, Roger D. |
| 15 | സിമോൺ ദി ബുവെ - രമാ മേനോൻ |
| 16 | അറിയപ്പെടാത്ത ഇ.എം.എസ്. - വള്ളിക്കുന്ന്, അപ്പുക്കുട്ടൻ |
| 17 | ജലഗേഹങ്ങളും ശവമുറികളും - ഇറവങ്കര, മധു |
| 18 | മാതൃഭൂമി ആഴ്ചപ്പതിപ്പ് 2016 ജൂലൈ - ആഗസ്റ്റ് |
| 19 | മാറുന്ന മലയാളി യൌവനം - വിജു വി നായർ |
| 20 | ദൈവത്തിന്റെ പുസ്തകം - രാമനുണ്ണി, കെ. പി. |

മേൽ പരാമർശിച്ച നഷ്ടപ്പെട്ട 20 പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ സാധ്യമാകാത്തവയുടെ നഷ്ടപരിഹാരം ഈടാക്കുന്നതിനോ സർവകലാശാല സ്വീകരിച്ച നടപടികൾ മറുപടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. എല്ലാ വർഷവും ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-14 സേവനവേതനവ്യവസ്ഥകൾ സമയബന്ധിതമായി ക്രമപ്പെടുത്തിയില്ല

03.03.2020ലെ സ.ഉ.(കൈ.) നം. 103/2020/ഉന്നതവിദ്യാഭ്യാസം ഉത്തരവ് പ്രകാരം ഒരു അസിസ്റ്റന്റ് തസ്തിക സർവകലാശാലയിൽ സൃഷ്ടിക്കപ്പെടുകയും ശ്രീമതി ജസീല. സി.യെ പ്രസ്തുതതസ്തികയിൽ നിയമിക്കുകയും ചെയ്തു. 09.03.2020ൽ ടിയാൾ സർവകലാശാലയിൽ 27800-59400 ശമ്പളസ്കെയിലിൽ (പരിഷ്കരിച്ച സ്കെയിൽ : 39300 – 83000) അസിസ്റ്റന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. 2021-22 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രീമതി ജസീലയുടെ ശമ്പളവിവരങ്ങൾ താഴെ വിശദമാക്കുന്ന പ്രകാരമാണ്.

| ക്ര. നം. | മാസം | പേ റോൾവൌച്ചർ നമ്പർ | അടി. ശമ്പളം | ആകെ ശമ്പളം | കുറവ് വരുത്തിയത് | കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ | കൈപ്പറ്റിയ ശമ്പളം |
|---|---|---|---|---|---|---|---|
| 1 | മാർച്ച് 2021 | 2 | 39300 | 43623 | 0 | - | 43623 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | എപ്രിൽ 2021 | 8 | 39300 | 43623 | 0 | - | 43623 |
| 3 | മെയ് 2021 | 15 | 39300 | 43623 | 0 | - | 43623 |
| 4 | ജൂൺ 2021 | 27 | 39300 | 43623 | 8725 | CMDRF - 8725 | 34898 |
| 5 | ജൂലൈ 2021 | 36 | 39300 | 43623 | 0 | - | 43623 |
| 6 | ഓഗസ്റ്റ് 2021 | 50 | 39300 | 43623 | 6250 | PF – 5000<br>തൊഴിൽ നികുതി - 1250 | 37373 |
| 7 | സെപ്തംബർ 2021 | 59 | 39300 | 43623 | 5000 | PF - 5000 | 38623 |
| 8 | ഒക്ടോബർ 2021 | 64 | 39300 | 43623 | 5000 | PF - 5000 | 38623 |
| 9 | നവംബർ 2021 | 71 | 39300 | 43623 | 6490 | PF – 5000<br>SLI – 500<br>GIS – 400<br>GPAIS - 590 | 37133 |
| 10 | ഡിസംബർ 2021 | 76 | 39300 | 43623 | 6500 | PF – 5000<br>SLI – 500<br>GIS – 1000 | 37123 |
| 11 | ജനുവരി 2021 | 82 | 39300 | 43623 | 7950 | PF – 5000<br>SLI – 700<br>GIS – 1000<br>തൊഴിൽ നികുതി - 1250 | 35673 |
| 12 | ഫെബ്രുവരി 2021 | 88 | 39300 | 43623 | 6700 | PF – 5000<br>SLI – 700<br>GIS – 1000 | 36923 |

ശമ്പളവിവരങ്ങൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. 2021-22 കാലയളവിൽ നാഷണൽ പെൻഷൻ സംവിധാനം (NPS) പ്രകാരമുള്ള പെൻഷൻ വിഹിതം ശ്രീമതി ജസീനയുടെ ശമ്പളത്തിൽ നിന്നും കുറവ് വരുത്തിക്കാണുന്നില്ല. 07.01.2013ലെ സ.ഉ. (അ) നം. 20/2013/ധന നമ്പർ ഉത്തരവ് പ്രകാരം 2013 ഏപ്രിൽ 1ന് ശേഷം സേവനത്തിൽ പ്രവേശിക്കുന്ന കെ.എസ്.ആർ III ബാധകമായ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർ നാഷണൽ പെൻഷൻ സംവിധാനത്തിലാണ് ഉൾപ്പെടുക. എൻ.പി.എസിൽ ഉൾപ്പെട്ട ജീവനക്കാരുടെ എൻ.പി.എസ്. രജിസ്ട്രേഷൻ നടപടികൾ അവർ സേവനത്തിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണെന്ന് 19.12.2013ലെ സ.ഉ. (അ) നം. 622/2013/ധന. ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. ശ്രീമതി ജസീല സേവനത്തിൽ പ്രവേശിച്ച് രണ്ട് വർഷം പൂർത്തിയാക്കിയ കാലയളവിലും എൻ.പി.എസ്. പ്രകാരമുള്ള പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്ന് കുറവ് വരുത്തിയതായി കാണുന്നില്ല.

2 . ഗ്രൂപ്പ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഇനങ്ങളിലെ കുറവ് വരുത്തലുകൾ 2021 നവംബർ മാസത്തെ ശമ്പളം മുതൽ മാത്രമാണ് വരുത്തിയിട്ടുള്ളത്. കെ. എസ്. ആർ. ഭാഗം 1 ചട്ടം 31 നോട്ട് 3 പ്രകാരം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് വരി ചേർന്നിട്ടില്ലാത്ത ജീവനക്കാർക്ക് ആദ്യ ഇൻക്രിമെന്റ് അനുവദിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ആദ്യ ഇൻക്രിമെന്റിന് അർഹത ഉണ്ടായിരുന്ന 2021 മാർച്ച് മാസം വരെയും എസ്. എൽ. ഐ., ജി. ഐ. എസ്. വരിസംഖ്യകൾ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത് തുടങ്ങിയിരുന്നില്ല.

3. ടിയാളുടെ പേരിൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങുന്നത് സംബന്ധിച്ചുള്ള നടപടികളും വളരെ വൈകിയാണ് തുടങ്ങിയിട്ടുള്ളത്. 2020 മാർച്ച് മാസം സേവനത്തിൽ പ്രവേശിച്ച ശ്രീമതിക്ക് ജസീലക്ക് സർവകലാശാലാ പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ പ്രകാരം 2020 ഏപ്രിൽ മാസം മുതൽ തന്നെ അംഗത്വം നൽകാമായിരുന്നെങ്കിലും പി.എഫ്. വരിസംഖ്യ ആയി 5000 രൂപ കുറവ് വരുത്തിത്തുടങ്ങിയത് 2021 ഓഗസ്റ്റ് മാസത്തെ ശമ്പളം മുതൽ മാത്രമാണ്.

4. 2020 മാർച്ച് 9ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി ജസീലക്ക് 2021 മാർച്ച് മാസം ആദ്യ ഇൻക്രിമെന്റിന് അർഹതയുള്ളതാണ്. 2019 ശമ്പളപരിഷ്കരണം പ്രകാരമുള്ള ശമ്പളം 2021 മാർച്ചിലെ ശമ്പളം മുതൽ നൽകിയിട്ടുണ്ട്. എന്നാൽ, പരിഷ്കരിച്ച ശമ്പളസ്കെയിലുകളിലെ സർവകലാശാല അസിസ്റ്റന്റ് തസ്തികയിലെ മിനിമം ശമ്പളമായ 39300 എന്ന അടിസ്ഥാനശമ്പളം തന്നെയാണ് 2021 മാർച്ച് മുതൽ 2022 ഫെബ്രുവരി വരെയുള്ള 12 മാസവും നൽകിയിട്ടുള്ളത്. ഇൻക്രിമെന്റ് അനുവദിക്കാതിരുന്നത് GIS, SLI വരി ചേരാതിരുന്നതിനാൽ ആണോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഈ പദ്ധതികളിൽ വരി ചേർന്നിട്ടുള്ള 2021 നവംബർ മാസത്തിന് ശേഷവും ഇൻക്രിമെന്റ് അനുവദിച്ചതായി കാണുന്നില്ല.

മേൽപ്പരാമർശിച്ച അപാകതകളിന്മേലുള്ള വിശദീകരണവും ശ്രീമതി ജസീലയുടെ NPS രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ, പ്രാൺ (PRAN) അക്കൗണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങളും 2022 മാർച്ച് മാസത്തിന് ശേഷം പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും കുറവ് വരുത്തിത്തുടങ്ങി എങ്കിൽ ആയതിന്റെ വിശദവിവരങ്ങളും പെൻഷൻ വിഹിതത്തിലെ കുടിശികത്തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10/2021-22ന് സർവകലാശാല മറുപടി സമർപ്പിച്ചിരുന്നു. ശ്രീമതി ജസീലയുടെ പ്രൊവിഡന്റ് ഫണ്ട്, എൻ.പി.എസ്, എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവ ശമ്പളത്തിൽ നിന്നും ഈടാക്കി അടക്കുന്നുണ്ടെന്നും എൻ.പി.എസിനുവേണ്ടി PRAN അക്കൗണ്ട് (PRAN അക്കൗണ്ട് നമ്പർ: 110157239144) തുടങ്ങി ഇതുവരെയുള്ള എൻ.പി.എസ് വിഹിതം ജസീലയുടെ ശമ്പളത്തിൽ നിന്നും ഈടാക്കി അടച്ചിട്ടുണ്ടെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇൻക്രിമെന്റുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിച്ച് എത്രയും പെട്ടെന്ന് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഏത് മാസം മുതലാണ് എൻ.പി.എസ് വിഹിതം ജസീലയുടെ ശമ്പളത്തിൽ നിന്നും ഈടാക്കി അടച്ചിട്ടുള്ളതെന്നോ കുടിശിക തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങളോ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സേവനവ്യവസ്ഥകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരുന്നതിലെ വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021 മാർച്ച് മാസം ആദ്യ ഇൻക്രിമെന്റിന് അർഹത ഉണ്ടായിരുന്ന ശ്രീമതി ജസീല. സി.യ്ക്ക് ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ച 2023 ഡിസംബർ മാസം ആയിട്ടും ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല എന്നത് മറുപടിയിൽ നിന്നും വ്യക്തമാണ്. സർവകലാശാല സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ശ്രീമതി ജസീല. സി.യുടെ സേവനവേതനവ്യവസ്ഥകൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്നതിൽ വരുത്തിയ വീഴ്ചകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും കുറവ് വരുത്തിത്തുടങ്ങിയതിന്റെ വിശദവിവരങ്ങളും പെൻഷൻ വിഹിതത്തിലെ കുടിശിക തുക ഈടാക്കിയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

### 1-3-15 അധ്യാപകജീവനക്കാരുടെ സേവനപുസ്തകങ്ങൾ കാലികമാക്കിയിട്ടില്ല

അധ്യാപകജീവനക്കാരുടെ സേവനവിവരങ്ങൾ സേവനപുസ്തകത്തിലാണ് പരിപാലിച്ചിട്ടുള്ളത്. സേവനപുസ്തകങ്ങൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നില്ല. ഫോട്ടോ, സ്ഥിരമേൽവിലാസം, ജനനതീയതിയിലെ തിരുത്തൽ, നിയമനത്തിന്റെ വിശദാംശങ്ങൾ, ഓഫീസ് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തൽ, കുടുംബത്തെ സംബന്ധിച്ച വിവരം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 34 /2021-22ലൂടെ സർവകലാശാലയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. കൂടാതെ, സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, വിരലടയാളം പതിപ്പിച്ചിട്ടില്ല, സേവനപരിശോധനാപത്രം കാലികമാക്കിയിട്ടില്ല, മുൻയോഗ്യസേവനകാലം ചേർത്തിട്ടില്ല, സൂപ്പർ ആന്വേഷൻ തീയതി രേഖപ്പെടുത്തിയിട്ടില്ല എന്നീ പൊതുവായ ചില അപാകതകളും എൻക്വയറി നമ്പർ 34 /2021-22 ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ, മേൽപരാമർശിച്ച അപാകതകൾ പരിഹരിച്ച് കാലികമാക്കിയ സേവനപുസ്തകങ്ങൾ പുന:സമർപ്പിക്കുകയോ ചെയ്തിട്ടില്ല. സേവനപുസ്തകങ്ങൾ യഥാസമയം കാലികമാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതും, അപാകതകൾ പരിഹരിച്ച് സേവനപുസ്തകങ്ങൾ ഹാജരാക്കേണ്ടതുമാണ്.

### 1-3-16 പുതിയ വാഹനം - ഇൻഷുറൻസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന അടവാക്കുന്നു.

മലയാളം സർവകലാശാലയുടെ വൈസ് ചാൻസലറുടെ ഔദ്യോഗികാവശ്യത്തിന് തനത് ഫണ്ട് ഉപയോഗിച്ച് പുതിയ വാഹനം വാങ്ങാൻ 25-11-21ലെ സ.ഉ,(കൈ)നം.560/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി

നൽകിയതിന്റെ അടിസ്ഥാനത്തിൽ വാങ്ങിയ കാറിന്റെ (ഇന്നോവ ക്രിസ്റ്റ ജി-പ്ലസ്) ഇൻഷ്വറൻസ് പ്രീമിയം, extended warranty എന്നീ ഇനങ്ങളിൽ അമാന ടൊയോട്ട, തീരൂർ എന്ന സ്ഥാപനത്തിന് യഥാക്രമം 86,552 രൂപയും 25,878 രൂപയും ഉൾപ്പെടെ മൊത്തം 1,12,400 രൂപ നൽകിയിട്ടുണ്ട് (വൌച്ചർ നമ്പർ/തീയതി: 256/30-12-21, ചെക്ക് നമ്പർ/തീയതി: 102053/30-12-21).

സർവകലാശാലകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും എല്ലാ ജനറൽ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്നും അപ്രകാരം മാത്രമേ ചെയ്യാവൂ എന്നും 18-04-2000ത്തിലെ ജി.ഒ.(പി)നമ്പർ819/2000/ഫിൻ , 01-10-2014ലെ ജി.ഒ.(പി)നമ്പർ.428/2014/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി വൈസ് ചാൻസലറുടെ വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാട് മേൽ പരാമർശിക്കപ്പെട്ട പ്രകാരം സ്വകാര്യ സ്ഥാപനം മുഖേന ചെയ്ത് വരുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ:32/13-11-23) നൽകിയ മറുപടിയിൽ നിലവിൽ മേൽ വാഹനത്തിന്റെ ഇൻഷ്വറൻസ് കാലാവധി 29-12-23ന് അവസാനിക്കുന്നതായും തുടർന്ന് ആയത് പുതുക്കുന്നത് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന ആയിരിക്കാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ടെന്നും അറിയിച്ചിരുന്നു. അയത് പ്രകാരമുള്ള ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-3-17 പ്രവേശനപരീക്ഷ – 2021-22 – അധ്യാപകർക്ക് വേതനം നൽകിയത് യു.ജി.സി. റഗുലേഷന് വിരുദ്ധം

മലയാളം സർവകലാശാല 2021-22 അദ്ധ്യയന വർഷത്തിലേക്ക് നടത്തിയ പി.ജി.കോഴ്സുകളുടെ പ്രവേശന പരീക്ഷക്ക് മേൽനോട്ടം (invigilation duty)വഹിച്ചതിന് സർവകലാശാലയിലെ ചുവടെ കൊടുത്തിരിക്കുന്ന അദ്ധ്യാപകർക്ക് പ്രതിഫലം നൽകിയതായി കാണുന്നു (Journal Vr.No./date: 2/08-09-21).

| പേര് | പരീക്ഷാ സെന്റർ | കൈപ്പറ്റിയ തുക |
|---|---|---|
| ഡോ. വിദ്യ ആർ | ഗവ. എച്ച്.എസ്. ഫോർ ഗേൾസ്, എറണാകുളം | 1500 |
| ഡോ.സെയ്തലവി സി | ഗവ. വി.എച്ച്.എസ്, നടക്കാവ്, കോഴിക്കോട് | 1500 |
| ഡോ.കെ.വി.ശശി | ടി.എം.ജി.കോളേജ്, തിരൂർ | 1500 |
| ഡോ സുധീർ എസ്. സലാം | കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ , തിരുവനന്തപുരം | 1500 |

2018ലെ യു.ജി.സി. റഗുലേഷൻ (തീയതി: 18-07-18) ഖണ്ഡിക 14(1) പ്രകാരം സർവകലാശാലാ അദ്ധ്യാപകർക്ക് ഒരു അക്കാദമിക വർഷത്തിൽ അദ്ധ്യയനം നിർബന്ധമായ 52 ആഴ്ച്ചകളിൽ 8 ആഴ്ച്ചകൾ പ്രവേശനം, പരീക്ഷകൾ , പരീക്ഷാ മുന്നൊരുക്കം എന്നീ പ്രവൃത്തികൾക്കുള്ള താണ്. അതനുസരിച്ച് വിദ്യാർത്ഥി പ്രവേശന പരീക്ഷാ നടപടികൾ സർവകലാശാലാ അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമാണ്. അപ്രകാരം ജോലിയുടെ ഭാഗമായി ചെയ്യേണ്ട പ്രവൃത്തിക്ക് പ്രത്യേക പ്രതിഫലം നൽകുന്നത് ബന്ധപ്പെട്ട റഗുലേഷന്റെ ലംഘനമാണ്. ആയതിനാൽ കൈപ്പറ്റിയ തുക മേൽ അദ്ധ്യാപകരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ: 29/10-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല).

### 1-3-18 പ്രോവിഡണ്ട് ഫണ്ട് സബ്സ്ക്രിപ്ഷൻ കുടിശ്ശിക ക്രമീകരിച്ചില്ല

മലയാളം സർവകലാശാല വി.സിയുടെ നടപടിക്രമം നമ്പർ; 228/2014/VC, തീയതി:16-05-14 പ്രകാരം സർവകലാശാലയിലെ സ്ഥിരം ജീവനക്കാർക്കും അദ്ധ്യാപകർക്കും വേണ്ടി രൂപീകരിക്കപ്പെട്ട മലയാള സർവകലാശാല പ്രോവിഡണ്ട് ഫണ്ട് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 6 അദ്ധ്യാപകർക്കും സർവകലാശാല അസിസ്റ്റന്റ് ശ്രീമതി ജസീലക്കും 2021 ആഗസ്റ്റ് മാസം മുതൽ പ്രോവിഡണ്ട് ഫണ്ടിൽ അംഗത്വം നൽകിയിരുന്നു. ആയത് പ്രകാരം അവരുടെ ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും മേൽ ജീവനക്കാരുടെ PF വരിസംഖ്യ ഈടാക്കിത്തുടങ്ങിയിരുന്നു. (Pay Roll No.50).2021 മാർച്ച് മുതൽ 2021 ജൂലൈ വരെയുള്ള 5 മാസങ്ങളിലെ വരിസംഖ്യ കുടിശ്ശിക 08/21 മുതൽ 12/21 വരെയുള്ള 5 മാസങ്ങളിലായി ഈടാക്കേണ്ടതുണ്ടായിരുന്നു. ആയത് പരിശോധിച്ചതിൽ ശ്രീമതി ജസീലയുടെ കുടിശ്ശിക ഇനത്തിലുള്ള

തുകയുടെ ( വരിസംഖ്യ = 2500 രൂപ, 5 മാസങ്ങളിലെ കുടിശ്ശിക = 5x2500 = 12500 ) അടവ് 2021 ഡിസംബർ മാസത്തിൽ പൂർത്തിയാവേണ്ടതായിരുന്നു എങ്കിലും തുടർന്നുള്ള മാസങ്ങളിലും കുടിശ്ശിക കൂടി ഉൾപ്പെട്ട തുകയാണ് ശമ്പളത്തിൽ നിന്നും ഈടാക്കി PFൽ അടവാക്കിയതായി കാണുന്നത്. ആയത് പിന്നീട് പുനഃക്രമീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി: 31/13-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല).

### 1-3-19 പെൻഷൻ ഫണ്ട് കണക്കുകൾ ലഭ്യമല്ല

11-02-14ലെ 01/2015/ഫിൻ നമ്പർ ഓർഡിനൻസ് പ്രകാരം മലയാള സർവകലാശാലയിലെ അദ്ധ്യാപകർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കായി ട്രഷറി സേവിങ്സ് ബാങ്കിലോ ദേശസാത്കൃത ബാങ്കിലോ സർവകലാശാല പെൻഷൻ നിധി എന്ന പേരിൽ ഒരു അക്കൌണ്ട് ആരംഭിക്കേണ്ടതുണ്ട് (ഓർഡിനൻസ് ഖണ്ഡിക 6). ടി ഓർഡിനൻസിന്റെ ഖണ്ഡിക 10(1) ൽ മേൽ പെൻഷൻ നിധിയുടെ " Balance sheet, Income & Expenditure statement, Receipt & Payment statement എന്നിവ ഒരു സാമ്പത്തിക വർഷം അവസാനിച്ച് 30 ദിവസത്തിനകം തയ്യാറാക്കി സർവകലാശാല അധികാര സ്ഥാനങ്ങൾക്ക് ഫൈനാൻസ് ഓഫീസർ സമർപ്പിക്കേണ്ടതാണെന്നും" ഖണ്ഡിക 10(2)ൽ " കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറും അദ്ദേഹം നാമനിർദേശം ചെയ്യുന്നവരും സർവകലാശാല പെൻഷൻ നിധിയുടെ ഓഡിറ്റർമാരായിരിക്കുന്നവരാണ് "എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 07-04-18ലെ B5/79/2018/ഉ.വി.വ. നമ്പർ കത്തിലും മേൽ പെൻഷൻ നിധിയെ സംബന്ധിച്ച നിക്ഷേപിക്കലുകളുടെയും പിൻവലിക്കലുകളുടെയും കണക്കുകൾ പ്രത്യേകം സൂക്ഷിക്കാനും വൈസ് ചാൻസലറും രജിസ്ട്രാറും ഫൈനാൻസ് ഓഫീസറും ആയവ വർഷാവർഷം സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മലയാള സർവകലാശാലയിലെ അദ്ധ്യാപകർക്കുള്ള പെൻഷൻ ഫണ്ടിന്റെ 2017 സെപ്തംബർ മുതൽ നാളിതുവരെയുള്ള കണക്കുകൾ ( Balance Sheet, I & E statement, R & P statement ട്രഷറി പാസ്ബുക്ക് എന്നിവ ഉൾപ്പെടെ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -നമ്പർ/തീ:21/13-09-23) മറുപടി ലഭ്യമായിട്ടില്ല).

### 1-3-20 ഡിജിറ്റൈസേഷൻ - ആദ്യ ഘട്ട പ്രവൃത്തി - വിശദ വിവരങ്ങൾ ലഭ്യമല്ല

മലയാളം സർവകലാശാലയിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന്റെ ആദ്യഘട്ട പ്രവൃത്തി Total Service Provider ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏല്പിക്കാൻ 21-03-21ന് ചേർന്ന നിർവാഹകസമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ (ഇനം നമ്പർ: 25/44) Data networking, service, storage, ഉപകരണങ്ങളുടെ വിതരണവും സ്ഥാപനവും എന്നിവ ചെയ്യു ഇനത്തിൽ 74,61,179 രൂപയുടെ പാർട്ട് ബിൽ ടി സ്ഥാപനം20212-22 വർഷത്തിൽ സമർപ്പിച്ചിരുന്നു. ആയതിൻമേൽ 23-09-21ന് ചേർന്ന സാങ്കേതിക സമിതി യോഗത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിർവാഹക സമിതിയുടെ അനുമതിക്ക് വിധേയമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് 74,61,179 രൂപ നൽകാൻ തൻ വർഷത്തിൽ വി.സി. ഉത്തരവായിരുന്നു. ആയത് പ്രകാരം ടി തുകയിൽ നിയമാനുസൃത നികുതി / വിഹിതങ്ങൾ ഇനത്തിൽ 2,65,478 രൂപ (1,32,739x2) പിടിച്ച ശേഷം 71,95,701രൂപ മേൽ സ്ഥാപനത്തിന് 2021-22 സാമ്പത്തികവർഷത്തിൽ നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ/തീയതി: 240/16-12-21, ചെക്ക് നമ്പർ/തീയതി: 5774164/16-12-21). ഇത് സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്,

1. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഡിജിറ്റൈസേഷൻ മേഖലയിൽ Total Service Provider ആയി അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്

2. കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷാ ജോലികൾ നിർവഹിക്കാൻ ഉപയോഗിച്ചു വരുന്ന സോഫ്റ്റ് വെയർ 20-11-2019ന് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ മലയാളം സർവകലാശാലക്ക് കൈമാറിയിട്ടുണ്ട് ( 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-15 കണ്ടാലും). ആയത് മുഴുവൻ ഉപയോഗപ്പെടുത്താൻ അനുബന്ധ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിരുന്നു, ഡിജിറ്റൈസേഷന്റെ ഒന്നാം ഘട്ടം പൂർത്തിയായ സാഹചര്യത്തിൽ പരീക്ഷാ ജോലികൾ കാലിക്കറ്റ് സർവകലാശാല നൽകിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ചെയ്യുന്നുണ്ടോ?

3. നിലവിൽ പ്രവേശന നടപടികൾ പരീക്ഷാ നടത്തിപ്പ്, മൂല്യ നിർണ്ണയം എന്നിവ സോഫ്റ്റ് വെയർ ഉപയോഗിച്ചാണോ ചെയ്യുന്നത്?

4. വിദ്യാർത്ഥി പ്രവേശനം, അക്കാദമികം , പരീക്ഷകൾ എന്നിവ നിലവിൽ കമ്പ്യൂട്ടർ വത്കൃതമായാണോ ചെയ്യുന്നത്?

5.വരവ് - ചെലവ് കണക്കുകൾ മുൻ വർഷങ്ങളിൽ Tally സോഫ്റ്റ് വെയർ ഉപയോഗിച്ചായിരുന്നല്ലോ ചെയ്തു വന്നിരുന്നത്. ഇപ്പോഴും അങ്ങനെ തന്നെയാണോ ചെയ്യുന്നത്?

6. മറ്റേതെങ്കിലും കാര്യത്തിന് സർവകലാശാല സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ടോ?

7. ഡിജിറ്റൈസേഷൻ ഒന്നാം ഘട്ട പൂർത്തീകരണം കൊണ്ട് സർവകലാശാലക്ക് നിലവിൽ ഏതെല്ലാം തലത്തിൽ ഉപയോഗം/പ്രയോജനം ഉണ്ടായിട്ടുണ്ട്?

മേൽ പരാമർശിക്കപ്പെട്ടവയെ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -നമ്പർ/തീയതി: 41/27-12-23 - മറുപടി ലഭ്യമായിട്ടില്ല).

## 1-3-21 പുസ്തകങ്ങളുടെ അച്ചടിക്കൂലി - സാക്ഷ്യപത്രം ഹാജരാക്കിയില്ല

മലയാള സർവകലാശാല KBPSനോട് അച്ചടിച്ചുനൽകാൻ ആവശ്യപ്പെട്ടിരുന്ന 17 പുസ്തകങ്ങളുടെ അച്ചടിക്കൂലി ഇനത്തിൽ 21-22 വർഷത്തിൽ 10,01,559 രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (Vr.No/date:197/17-11-21, Cheque No/ date: 4670656/17-11-21). 03-11-21തീയതിയിലെ 552/2020/പ്രസിദ്ധീകരണം നമ്പർ ഉത്തരവ് പ്രകാരമാണ് അപ്രകാരം ചെയ്തിരിക്കുന്നത്. 17 പുസ്തകങ്ങളുടെ ആകെ അച്ചടിക്കൂലി 10,54,705 രൂപയാണ്. അതിൽ 3 പുസ്തകങ്ങളുടെ കൂലി ഇനത്തിൽ 53,147 രൂപ 20-21 വർഷത്തിൽ നൽകിയിട്ടുണ്ട് (2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(14) കാണുക).

യാതൊരു വിധ ക്വട്ടേഷനോ ടെണ്ടറോ പ്രത്യേകമായ കരാറോ ഇല്ലാതെ മേൽ സ്ഥാപനത്തെ അച്ചടി ജോലി ഏല്പിക്കാൻ 14-07-2004 ലെ സ.ഉ.(Rt)No,253349/H3/04/HEdn, 19-05-11ലെ സ.ഉ.(Rt)No.726/11/HEdn എന്നിവ പ്രകാരം അനുമതി ഉള്ളതിനാലാണ് KBPSനെ അച്ചടി ജോലി ഏല്പിച്ചത് എന്ന് 07-01-21ലെ 1490/എ1/2020/അക്കൗണ്ട്സ് നമ്പർ സർവകലാശാല ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്,

14-07-2004ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത് "KBPS ന് അച്ചടി ജോലി ടെണ്ടർ കൂടാതെ നൽകുന്നതിന് മുന്നോടിയായി പ്രസ്തുത അച്ചടിക്കുള്ള ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ അച്ചടി പൂർത്തീകരിച്ച് നൽകാൻ കഴിയില്ല " എന്ന ഗവ. പ്രസ്സ് സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ലഭിച്ചിരിക്കണം എന്നാണ്. ആയത് സർവകലാശാലക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി :30/10-11-23 ) സർവകലാശാല ലഭ്യമാക്കിയ മറുപടിയിൽ "അത്തരത്തിൽ ഒരു ഉത്തരവും ഇതുവരെ KBPSൽ നിന്ന് ലഭിച്ചിട്ടില്ല" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. KBPS അല്ല, മറിച്ച് ഗവ. പ്രസ്സിലെ സൂപ്രണ്ടാണ് അത്തരത്തിൽ സാക്ഷ്യപത്രം നൽകേണ്ടത്. ആയത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3-22 വനിതാ ഹോസ്റ്റൽ -വിദ്യാഭ്യാസ ഇതര ആവശ്യങ്ങൾക്കുള്ള കൺസ്യൂമർ നമ്പറുകളിൽ തുടരുന്നു.

മലയാളം സർവകലാശാലയിലെ വിദ്യാർത്ഥിനികൾ താമസിക്കുന്ന ആലിശ്ശേരിയിലെ വനിതാ ഹോസ്റ്റലിൽ (ഉടമ : ശ്രീമതി ഫാത്തിമത്ത് സുഹറ) വൈദ്യുതി കണക്കാക്കുന്നത് പ്രസ്തുത കെട്ടിടത്തിലെ 17 കൺസ്യൂമർ നമ്പറുകളിൽ 12 എണ്ണം KSEB Tarif VI B പ്രകാരവും 4 എണ്ണം Tarif VII A പ്രകാരവും ഒന്ന് Tarif VI F പ്രകാരവുമാണ്. അതനുസരിച്ചുള്ള വൈദ്യുതി ചാർജാണ് KSEB ഈടാക്കിവരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകൾക്ക് Tarif VI B പ്രകാരവും Shops, Showrooms Display outlets എന്നിവക്ക് Tarif VII A പ്രകാര വും Construction works, Computer Training Institute തുടങ്ങിയവക്ക് Tarif VI F പ്രകാരവുമാണ് ചാർജ് നിശ്ചയിക്കുന്നത്. വനിതാ ഹോസ്റ്റലിലെ കൺസ്യൂമർ നമ്പറുകൾ 15863,15864, 15865, 15866 എന്നിവയിൽ Tarif VII A പ്രകാരവും 12033 എന്ന നമ്പറിൽ Tarif VI F പ്രകാരവുമാണ് ഉള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ മേൽ താരിഫിലുള്ള കൺസ്യൂമർ നമ്പറുകളിൽ അടവാക്കിയ വൈദ്യുത ചാർജിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കൺസ്യൂമർ നമ്പർ | മാസം | യൂണിറ്റ് | ഈടാക്കിയ ചാർജ് | വൗച്ചർ നമ്പർ/ തീയതി<br>ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 15863 | 10-03-21 മുതൽ 11-05-21 | 471 | 6402 | 81/22-07-21<br>2384882/22-07-21 |
| 15864 | | 729 | 8544 | |
| 15865 | | 525 | 4934 | |

| | | | | |
|---|---|---|---|---|
| 15866 | വരെ | 486 | 6499 | |
| 12033 | | 9 | 2666 | |
| 15863 | 12-05--21 മുതൽ 10-11-21 വരെ | 285 | 3116 | 208/14-11-21 4670858/14-11-21 |
| 15864 | | 565 | 5615 | |
| 15865 | | 201 | 2438 | |
| 15866 | | 381 | 3742 | |
| 12033 | | 61 | 971 | |
| 15863 | 10-11-21 മുതൽ 11-01-22വരെ | 402 | 3900 | 288/19-01-22 |
| 15864 | | 768 | 7578 | |
| 15865 | | 474 | 4477 | |
| 15866 | | 615 | 6062 | |
| 12033 | | Nil(Fixed charge + rent only) | 449 | |
| 15863 | 11-01-22 മുതൽ 10-03-22 വരെ | 261 | 2498 | 360/17-03-22 |
| 15864 | | 345 | 3257 | |
| 15865 | | 341 | 3087 | |
| 15866 | | 391 | 3456 | |
| 12033 | | -- | ---- | |
| 15863 | 10-11-20 മുതൽ 10-03-21വരെ | ലഭ്യമല്ല (കോവിഡ് കാലത്ത് വെട്ടം ഗ്രാമ പഞ്ചായത്തിന്റെ ആവശ്യ പ്രകാരം CFLTC ആയി പ്രവർത്തിച്ച കാലയളവിലെ വൈദ്യുതി ചാർജ്(പഞ്ചായത്ത് അടവാക്കിയതിന്റെ ബാക്കി) | 823 | 19/20-04-21 286094/20-04-21 |
| 15864 | | | 2754 | |
| 15865 | | | 1286 | |
| 15866 | | | 129 | |
| 12033 | | | 3980 | |

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഹോസ്റ്റലുകൾക്ക് Tarif VI B യാണ് വേണ്ടിയിരുന്നത്. അതിന് പകരം മറ്റു തരത്തിലുള്ള സ്ഥാപനങ്ങളുടെ താരീഫുകൾ നിശ്ചയിക്കപ്പെട്ടതിനാൽ മേൽ പരാമർശിക്കപ്പെട്ട പ്രകാരമുള്ള 5 കൺസ്യൂമർ നമ്പറുകളിൽ അധിക നിരക്കിൽ വൈദ്യുതി ചാർജ് അടവാക്കേണ്ടതായി വന്നിട്ടുണ്ട്. ഇത് സർവകലാശാലക്ക് ബാദ്ധ്യതക്ക് കാരണമാകുന്നുണ്ട്. ഇത് സംബന്ധിച്ച് 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 3-5) പരാമർശിച്ചിരുന്നു എങ്കിലും തൽസ്ഥിതി ഓഡിറ്റ് വർഷത്തിലും തുടർന്നു വരുന്നുണ്ട്.

ആയതിനാൽ ആലിശ്ശേരി വനിതാ ഹോസ്റ്റലിലെ 15863,15864,15865,15866, 12033 എന്നീ കൺസ്യൂമർ നമ്പറുകൾ വിദ്യാഭ്യാസ ആവശ്യത്തിനുള്ള ഹോസ്റ്റലുകളുടെ നിരക്കായ VI B താരിഫിലേക്ക് മാറ്റാൻ KSEB അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-3-23 GPAIS അംഗത്വം - നിർവഹണത്തിലെ അപാകതകൾ

മലയാളം സർകലാശാലയിലും GPAIS നടപ്പിലാക്കാൻ വൈസ് ചാൻസലർ 29-11-21ന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ 38 ജീവനക്കാരുടെ 2021 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും മേൽ ഇനത്തിൽ 590 രൂപ (Subscription amount 500 + GST 18%) വീതം ഈടാക്കി ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് (വൌച്ചർ നമ്പർ/തീയതി :226/8-12-21, ചെക്ക് നമ്പർ/തീയതി:102042/8-12-21). മേൽ ചെലവ് പരിശോധിച്ചതിൽ ചുവടെ

കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. GPAIS പദ്ധതിയിൽ അംഗത്വം നേടണമെങ്കിൽ മേൽ പദ്ധതി ബാധകമായ സ്ഥാപനങ്ങളിലെ 50 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ ജീവനക്കാരും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ SLI, GIS പദ്ധതികളിൽ നിർബന്ധമായും അംഗത്വം എടുത്തിരിക്കണമെന്ന് 30-05-2019 ലെ 57/19/ധന. നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മലയാളം സർവകലാശാലയിൽ ജോലി ചെയ്യുന്ന Controller of Examinations, ശ്രീ റെജിമോൻ പി,എം, SLI, GIS പദ്ധതികളിൽ സർവകലാശാലയിൽ നിന്നും അംഗത്വം എടുത്തിട്ടില്ല. ശ്രീ റെജിമോൻ അവരുടെ മാതൃ സ്ഥാപനം മുഖേന മേൽ പദ്ധതികളിൽ അംഗമായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2. അർഹരായ ജീവനക്കാരെ GPAISൽ ഉൾപ്പെടുത്താതിരിക്കുന്നത് മൂലമുള്ള ബാധ്യത ബന്ധപ്പെട്ട DDOമാരിൽ വ്യക്തിപരമായി നിക്ഷിപ്തമാണെന്ന് 23-11-21 ലെ സ.ഉ.(അച്ചടി) നമ്പർ 153/21/ധന. നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ശ്രീമതി ജസീല 12/21 മുതൽ SLI ലും GISലും അംഗമാണെങ്കിലും ടിയാരിയെ ഓഡിറ്റ് വർഷത്തിൽ GPAISൽ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ 2021 നവംബർ മാസത്തെ ടിയാരിയുടെ ശമ്പളത്തിൽ നിന്നും GPAIS ഇനത്തിൽ 590 രൂപ ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - നമ്പർ/തീയതി: 27/27-10-23 -ഭാഗികമായി മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ.

GPAIS പോലുള്ള സുരക്ഷാ പദ്ധതികളിൽ ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കാതെ അംഗത്വം എടുക്കുന്നത് അവ കൊണ്ട് ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകാൻ ഇടയാക്കും. കൂടാതെ, അർഹരായവരെ അത്തരം പദ്ധതികളിൽ അംഗമാക്കാതിരിക്കുന്നത് അവർക്ക് വ്യക്തിപരമായ നഷ്ടത്തിനും കാരണമാകും.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും GPAIS പോലുള്ള പദ്ധതികളിൽ ജീവനക്കാരെ ഉൾപ്പെടുത്തുമ്പോൾ അവയുമായി ബന്ധപ്പെട്ട വിവിധ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പരീക്ഷാ നടത്തിപ്പ് - അനുബന്ധ ജോലിയ്ക്ക് അധികവേതനം നൽകിയത് ക്രമവിരുദ്ധം

2017 ജനവരി മുതൽ 2020 മാർച്ച് വരെ നടന്ന വിവിധ സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ വിഭാഗം താല്ക്കാലിക ജീവനക്കാർക്ക് ഉണ്ടായ അമിത ജോലി ഭാരം സൂചിപ്പിച്ചുകൊണ്ട് ടിയാളുകൾക്ക് 2017-18 അക്കാദമിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പ്രത്യേക അലവൻസ് ആയി 2000 രൂപ വീതം നൽകാൻ 17-01-20ലെ 16/2019/Gen.PV പ്രകാരം ഉത്തരവായിരുന്നു. ആയത് നൽകിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ | തുക | വൌച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ , തീയതി |
|---|---|---|---|
| രാജേഷ് എം. എം. | 16,000 | 48/17-08-21 | 5149587/17-08-21 |
| സുരേന്ദ്രൻ എൻ. വി. | 16,000 | | |
| വാസുദേവൻ കെ. | 6,000 | | |
| രാജശ്രീ കെ. | 16,000 | | |
| ആകെ | 54,000 | | |

നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താത്ക്കാലിക ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിക്കാൻ സർവകലാശാലകൾക്ക് അധികാരമില്ല. അധിക ജോലി ചെയ്തിട്ടുണ്ടെങ്കിൽ KSR (Appendix VII) പ്രകാരം compensatory off അനുവദിക്കാം എന്നല്ലാതെ പ്രത്യേക അലവൻസുകൾ അനുവദിക്കാൻ വ്യവസ്ഥ ഇല്ല. ഇപ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി താത്ക്കാലിക ജീവനക്കാർക്ക് ആനുകൂല്യം നൽകിയത് ടിയാളുകളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് – നമ്പർ/ തീയതി :3/17-06-23- മറുപടി ലഭ്യമായിട്ടില്ല).

### 3-2 അവധി ശമ്പളം ഇനത്തിൽ അധികം തുക നൽകി

05-01-22ലെ 2020/എ1/2021/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ഫിനാൻസ് ഓഫീസർ ശ്രീമതി മാരിയറ്റ് തോമസിന് KSR Part 1 Rule 85 പ്രകാരം 29-01-21 മുതൽ 20-02-21 വരെ Leave Not Due അനുവദിച്ചിരുന്നു. ടി കാലയളവിലെ (23 Days) ശമ്പളം Pay Roll No.79, തീ: 11-01-22 പ്രകാരം മാറിയിട്ടുണ്ട് (Cheque No. 5741329/11-01-22). ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു (അടിസ്ഥാന ശമ്പളം = 1,44,200 രൂപ)

| | |
|---|---|
| അടിസ്ഥാന ശമ്പളം | 59,225 |
| ക്ഷാമബത്ത | 10068 |
| വീട്ടുവാടക ബത്ത | 2369 |
| ആകെ | 71,662 രൂപ (അടിസ്ഥാന ശമ്പളം = 1,44,200 രൂപ) |

LND കാലയളവിൽ അർദ്ധ വേതനാവധി നിരക്കിലുള്ള വേതനത്തിനാണ് അർഹതയുള്ളത്. ആയത് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമാണ് ശമ്പളം നിർണ്ണയിക്കേണ്ടിയിരുന്നത്.

അടിസ്ഥാന ശമ്പളം (പൂർണ്ണ നിരക്കിൽ)

3 ദിവസത്തേക്ക് = 144200/31x3 =13,954.8 = 13,955

20 ദിവസത്തേക്ക് = 144200/28x20 = 103000

HPL ശമ്പളം = 13955 + 103000/2 =58478

വീട്ടുവാടക ബത്ത = 2339

ക്ഷാമബത്ത @ 9% 58478x9/100 = 5263

അർഹമായ ശമ്പളം = 66080 രൂപ

നൽകിയത് = 71662രൂപ

അധികം നൽകിയത് = 5582രൂപ

ഇപ്രകാരം അധികം നൽകിയ തുക (5582 രൂപ) തിരികെ ഈടാക്കേണ്ടതാണ്.

### 3-3 അധികനിരക്കിൽ മൈലേജ് അലവൻസ് അനുവദിച്ചത് നിരാകരിക്കുന്നു

കെ.എസ്.ആർ ഭാഗം 2 ചട്ടം 31 (നോട്ട് 1,2,3) പ്രകാരം ഗ്രേഡ് 1 ഓഫീസർ ഔദ്യോഗിക യാത്ര നടത്തുമ്പോൾ സ്വന്തം വാഹനം ഉപയോഗിക്കാവുന്നതാണ്. എന്നാൽ സ്വന്തം വാഹനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗതം ഉപയോഗിക്കുമ്പോൾ ഉദ്യോഗസ്ഥന് അനുവദനീയമായിട്ടുള്ള നിരക്കിൽ ആണ് മൈലേജ് അലവൻസ് ക്ലെയിം ചെയ്യേണ്ടത്. 10/02/2021 ലെ G.O.(P)No.27/2021/Fin നമ്പർ പേ റിവിഷൻ ഉത്തരവിലെ ഖണ്ഡിക 27(4)പ്രകാരം ക്ലെയിം ചെയ്യാവുന്ന മൈലേജ് അലവൻസ് നിരക്ക് 2.5 രൂപ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരീക്ഷാ പേപ്പർ മൂല്യനിർണയത്തിനായി സ്വന്തം വാഹനം ഉപയോഗിച്ച് യാത്ര നടത്തിയ അദ്ധ്യാപകർക്ക്,

സർവകലാശാല , അനുവദനീയമായ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ആണ് (10 രൂപ) മൈലേജ് അലവൻസ് നൽകിയിരിക്കുന്നത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നം | പേര് | ദൂരം (k.m) | അനുവദിച്ച തുക | അർഹമായ തുക | അധിക തുക |
|---|---|---|---|---|---|
| 132/ 15-09-2021 | ഡോ.എം.ബി.മനോജ് | 68.2 (34.1 X 2) | 680 | 170.5 | 509.5 |
| 132/ 15-09-2021 | ഡോ.എം.ബി.മനോജ് | 66 (33 X 2) | 660 | 165 | 495 |
| 132/ 15-09-2021 | ഡോ. രാജേഷ് കെ. പി | 94 (47 X 2) | 940 | 235 | 705 |
| 132/ 15-09-2021 | സജീദ് നടുത്തൊടി | 66 (33 X 2) | 660 | 165 | 495 |
| 132/ 15-09-2021 | ഡോ. ശ്രീജിത് ജി | 100 (50 X 2) | 1000 | 250 | 750 |
| **ആകെ തുക** | | | | | **2954.5** |

അധികനിരക്ക് അനുവദിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 19.12.2023ലെ 38/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച തുക (2954.5 രൂപ) മൈലേജ് അലവൻസ് കൈപ്പറ്റിയവരിൽ നിന്നോ, തുക അനുവദിക്കാൻ ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കി സർവകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഓഡിറ്റ് ചാർജ്

| | | | |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | | | 16,16,27,023 |
| കുറയ്ക്കുക | പദ്ധതി ധനസഹായം | 3,77,97,444 | |
| | പദ്ധതിയിതര ധനസഹായം | 9,80,00,000 | |
| | ബാധ്യതകൾ | 2,23,92,110 | |
| | നിക്ഷേപങ്ങൾ | 3,20,721 | |
| | ആകെ | | 15,85,10,275 |
| ബാക്കി | | | 31,16,748 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാൻ പരിഗണിക്കുന്ന തുക | | | 31,16,748 |

| | |
|---|---|
| 2021-22 വർഷത്തെ ഓഡിറ്റ് ചാർജ്ജ് @ 1% | 31,167 |
| 31.03.2021ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | 58,627 |
| 2021-22ൽ ഒടുക്കിയ ഓഡിറ്റ് ചാർജ്ജ് | -- |
| 31.03.2022ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | 89,794 |

31.03.2022ൽ ഓഡിറ്റ് ചാർജ് ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | തുക | കുറിപ്പ് |
|---|---|---|
| 2017-18 & 2018-19 | 10 രൂപ | 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് ചാർജായി 974297/12.10.2020 നമ്പർ ചലാൻ പ്രകാരം ഡിമാൻഡിനെക്കാൾ 10 രൂപ കുറച്ചാണ് സർവകലാശാല അടവാക്കിയിട്ടുള്ളത്. |
| 2019-20 | 32,550 രൂപ | 15.09.2022ലെ KL015866954202223M നമ്പർ ചെലാൻ പ്രകാരം അടവാക്കിയിട്ടുണ്ട്. |
| 2020-21 | 26,067 രൂപ | |
| 2021-22 | 31,167 രൂപ | |
| ആകെ | 89,794 രൂപ | നിലവിൽ ഓഡിറ്റ് ചാർജ്ജിനത്തിൽ അടവാക്കാൻ ബാക്കിയുള്ളത് 57,244/- രൂപയാണ് (89,794 –32,550) |

ഓഡിറ്റ് ചാർജ്ജിനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക "0070-60-110-84 ഓഡിറ്റ് ചാർജ്ജസ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കേണ്ടതും അസൽ ചെലാൻ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതുമാണ്.

## 4-2 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,16,27,023 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,80,73,020 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62536.5 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2000 |
| കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | ഇല്ല |
| സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | ഇല്ല |
| മറ്റ് സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം | ഇല്ല |

ബി. സർവകലാശാല ഫണ്ടിനുണ്ടായ നഷ്ടം, ഒടുക്കാനവശേഷിക്കുന്ന തുക, നിരാകരിച്ച/തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശങ്ങൾ

| ഖണ്ഡിക നമ്പർ | സർവകലാശാല ഫണ്ടിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക | സർവകലാശാല ഫണ്ടിനുണ്ടായ നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 3-1 | | | 54,000 | | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) |
| 3-2 | | | 5,582 | | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) |
| 3-3 | | | 2,954.5 | | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) |
| 1-3-10 | | | | 2000 | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം

| ഖണ്ഡിക നമ്പർ | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 3-1 | 54,000 | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) | ചീരൻ വീട്,<br>മെയിൻ റോഡ് ,പഴഞ്ഞി<br>പി.ഒ.കുന്നംകുളം,തൃശ്ശൂർ |
| 3-2 | 5,582 | ഡോ. റജിമോൻ.പി.എം.<br>രജിസ്ട്രാർ (ഇൻ ചാർജ്ജ്) | ചീരൻ വീട്,<br>മെയിൻ റോഡ് ,പഴഞ്ഞി<br>പി.ഒ.കുന്നംകുളം,തൃശ്ശൂർ |

| | | | |
|---|---|---|---|
| 3-3 | 2,954.5 | ഡോ. റജിമോൻ.പി.എം. രജിസ്ട്രാർ (ഇൻ ചാർജ്ജ്) | ചീരൻ വീട് , മെയിൻ റോഡ് ,പഴഞ്ഞി പി.ഒ.കുന്നംകുളം,തൃശ്ശൂർ |

എഫ്. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-3-10 | 2000 | ഡോ. റജിമോൻ.പി.എം., രജിസ്ട്രാർ (ഇൻ ചാർജ്ജ്) |

## 4-3 ഓഡിറ്റ് ഇംപാക്ട്

14.10.2020ലെ 924/2020/എ1/അഡ്മിൻ നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സർവകലാശാലയിലെ രജിസ്ട്രാർ തസ്തികയിൽ നിയമിതനായ ഡോ. ഷൈജൻ ഡി. ക്ക് 2 അഡ്വാൻസ് ഇൻക്രിമെന്റുകൾ നൽകി ശമ്പളം പുനർനിർണ്ണയിച്ച് നൽകിയത് വഴി 2020 നവംബർ മാസം മുതൽ അധികമായി ശമ്പളം അനുവദിച്ചതിലൂടെ 2020-21 വർഷം 38,368 രൂപ സർവകലാശാലക്ക് നഷ്ടം സംഭവിച്ചതായി 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 3-4 പ്രകാരം പരാമർശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ശമ്പളം അനുവദിച്ചതിലൂടെ 45,991 രൂപ അധികമായി അനുവദിച്ച എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 18/2021-22 പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നു. രണ്ട് വർഷത്തെ നഷ്ടത്തുകയായ 84,359 രൂപ (38,368 + 45,991) മലയാളം സർവകലാശാലയുടെ അക്കൌണ്ടിലേക്ക് 22.12.2023ൽ ഡോ. ഷൈജൻ ഡി. അടവാക്കിയിട്ടുണ്ട് എന്ന് സർവകലാശാല ഫൈനാൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ട്.

## 4-4 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ / തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2013-14 | കെ.എസ്.എ.സി.എൽ.യു./ എ1/963/2014 തീയതി : 30.10.2014 | 3 |
| 2014-15 | കെ.എസ്.എ.സി.എൽ.യു./ എ1/214/2016 തീയതി : 26.07.2016 | 12 |
| 2015-16 | കെ.എസ്.എ.സി.എൽ.യു./ ജി1/537/2016 തീയതി : 02.06.2017 | 23 |
| 2016-17 | കെ.എസ്.എ.സി.എൽ.യു./ ജി1/1229/2017 തീയതി : 18.05.2018 | 29 |
| 2017-18 | കെ.എസ്.എ.സി.എൽ.യു./ ജി1/721/2018 തീയതി : 20.03.2019 | 30 |
| 2018-19 | കെ.എസ്.എ.സി.എൽ.യു./ ജി 1/721/2018 | 19 |

| | | |
|---|---|---|
| | തീയതി : 15.01.2020 | |
| 2019-20 | കെ.എസ്.എ.ടി.ഇ.എം.യു./ എം3/140/2021<br>തീയതി : 25.01.2022 | 24 |
| 2020-21 | കെ.എസ്.എ.ടി.ഇ.എം.യു./ എം3/253/2022<br>തീയതി : 30.03.2023 | 30 |

ജോയിന്റ് ഡയറക്ടർ
മലയാളം സർവകലാശാല ഓഡിറ്റ് കാര്യാലയം

## അനുബന്ധം 1

## സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നം | നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം& തിയതി |
|---|---|---|---|
| 1 | വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം | 1,00,000 | 799010500573144 / 31.10.2018 |
| 2 | പെൻഷൻ ഫണ്ട് | 3,00,000 | 799010500135478 / 05.05.2017 |
| 3 | പെൻഷൻ ഫണ്ട് | 5,00,000 | 799010501311552/ 05.12.2020 |
| 4 | പെൻഷൻ ഫണ്ട് | 5,00,000 | 799010501239130/ 26.12.2020 |
| 5 | പെൻഷൻ ഫണ്ട് | 5,00,000 | 799010501360596/ 05.01.2021 |
| 6 | പെൻഷൻ ഫണ്ട് | 5,00,000 | 799010501362528/ 12.01.2021 |
| 7 | പെൻഷൻ ഫണ്ട് | 5,00,000 | 799010501448264 /16.02.2021 |
| 8 | പെൻഷൻ ഫണ്ട് | 5,00,000 | 799010501499318 /14.03.2021 |
| 9 | പെൻഷൻ ഫണ്ട് | 5,00,000 | 799010501482557 /19.03.2021 |
| 10 | പെൻഷൻ ഫണ്ട് | 5,00,000 | 799010501482562/23.03.2021 |
| 11 | പെൻഷൻ ഫണ്ട് | 3,00,000 | 799010501482559/23.03.2021 |
| 12 | പെൻഷൻ ഫണ്ട് | 4,30,000 | 799010501482565/23.03.2021 |
| 13 | പെൻഷൻ ഫണ്ട് | 5,00,000 | 799010501015918/ 30.05.2020 |

| | | | |
|---|---|---|---|
| 14 | പെൻഷൻ ഫണ്ട് | 5,00,000 | 799010501015911/ 30.05.2020 |
| 15 | പെൻഷൻ ഫണ്ട് | 5,00,000 | 799010501024786/ 07.06.2020 |
| 16 | പെൻഷൻ ഫണ്ട് | 5,00,000 | 799010501024818/ 07.06.2020 |
| 17 | പെൻഷൻ ഫണ്ട് | 2,67,289 | 799010501037539/ 16.06.2020 |
| 18 | പെൻഷൻ ഫണ്ട് | 5,00,000 | 799010501061598/ 06.07.2020 |
| 19 | പെൻഷൻ ഫണ്ട് | 5,00,000 | 799010501092688/ 10.03.2020 |
| 20 | പെൻഷൻ ഫണ്ട് | 5,00,000 | 799010501100257/ 06.08.2020 |
| 21 | പെൻഷൻ ഫണ്ട് | 5,00,000 | 799010501100238/ 08.08.2020 |
| 22 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191631/ 05.09.2020 |
| 23 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191616/ 15.09.2020 |
| 24 | പെൻഷൻ ഫണ്ട് | 3,00,000 | 799010501191639/ 20.09.2020 |
| 25 | പെൻഷൻ ഫണ്ട് | 4,25,000 | 799010501182985/ 29.09.2020 |
| 26 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191717/ 05.10.2020 |
| 27 | പെൻഷൻ ഫണ്ട് | 5,00,000 | 799010501208419/ 11.10.2020 |
| 28 | പെൻഷൻ ഫണ്ട് | 5,00,000 | 799010501263040/ 05.11.2020 |
| 29 | പെൻഷൻ ഫണ്ട് | 5,00,000 | 799010501263056/ 07.11.2020 |
| 30 | പെൻഷൻ ഫണ്ട് | 1,55,000 | 799010501263040 / 08.11.2020 |
| 31 | പെൻഷൻ ഫണ്ട് | 4,30,000 | 799010501482866 / 08.11.2020 |
| 32 | പെൻഷൻ ഫണ്ട് | 4,90,000 | 799010501796183/23.11.2021 |
| 33 | പെൻഷൻ ഫണ്ട് | 3,90,000 | 799010501883455/12.01.2022 |
| 34 | പെൻഷൻ ഫണ്ട് | 2,60,000 | 799010501987214/16.03.2022 |
| 35 | പെൻഷൻ ഫണ്ട് | 10,00,000 | 799010501996444/22.03.2022 |

| | | |
|---|---|---|
| ആകെ | 1,58,47,289 | |

ജോയിന്റ് ഡയറക്ടർ

മലയാളം സർവകലാശാല ഓഡിറ്റ് കാര്യാലയം

## അനുബന്ധം 2

## സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ കൈവശമുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | പുസ്തകത്തിന്റെ പേര് | മുഖവില (രൂ) | 31.03.2021ലെ നീക്കിബാക്കി | ആകെ മൂല്യം (രൂ) |
|---|---|---|---|---|
| 1 | ഹെർമൻ ഗുണ്ടർട്ട് | 210 | 610 | 128100 |
| 2 | കേരള നാടകം | 125 | 35 | 4375 |
| 3 | ചോംസ്കിയൻ വാക്യഘടനാപഠനം | 225 | 93 | 20925 |
| 4 | ഭാഷാഭേദപഠനം മലപ്പുറം | 220 | 540 | 118800 |
| 5 | കേരളം | 120 | 120 | 14400 |
| 6 | പ്രാചീനസുധ | 205 | 233 | 47765 |
| 7 | മലയാളസാഹിത്യ ചരിത്രസംഗ്രഹം | 135 | 147 | 19845 |
| 8 | എൻ.വി.യുടെ പരിസ്ഥിതി ചിന്തകൾ | 225 | 570 | 128250 |
| 9 | ചരിത്രം: രീതിശാസ്ത്രപഠനങ്ങൾ | 130 | 500 | 65000 |
| 10 | ഹെർമൻ ഗുണ്ടർട്ടും മലയാളവും (2 വാല്യങ്ങൾ) | 1000 | 442 | 442000 |
| 11 | തുഞ്ചത്തെഴുത്തച്ഛൻ ജീവിതരേഖ | 110 | 255 | 28050 |
| 12 | തുഞ്ചത്തെഴുത്തച്ഛൻ അദ്ധ്യാത്മരാമായണം ഒരു പഠനം | 80 | 340 | 27200 |
| 13 | എ.ആർ. നിഘണ്ടു | 120 | 401 | 48120 |
| 14 | മലയാളഭാഷാ ചരിത്രം പുതുവഴികൾ | 140 | 601 | 84140 |
| 15 | മിഷണറി ഭാഷാശാസ്ത്രം | 300 | 162 | 48600 |
| 16 | എൻ.വി.യുടെ വിജ്ഞാനസാഹിത്യം | 60 | 485 | 29100 |
| 17 | ഇന്റോ ആര്യൻ ലോൺ വേർഡ്സ് ഇൻ മലയാളം | 250 | 285 | 71250 |
| 18 | നളചരിതമണിപ്രവാളം | 350 | 312 | 109200 |
| 19 | ഫെമിനിസ്റ്റ് നിഘണ്ടു | 150 | 129 | 19350 |
| 20 | ഏ .ആർ.വിജ്ഞാനീയം | 800 | 291 | 232800 |
| 21 | കേരളപാണിനീയവിജ്ഞാനം 1 | 450 | 260 | 117000 |
| 22 | കേരളപാണിനീയവിജ്ഞാനം 2 | 1000 | 288 | 288000 |
| 23 | സിനിമ ആസ്വാദനത്തിന്റെ | 600 | 226 | 135600 |

| | | | | |
|---|---|---|---|---|
| | ചരിത്രവഴികൾ | | | |
| 24 | മലയാള ഭാഷാചരിത്രം (പി.ഗോവിന്ദപ്പിള്ള) | 450 | 142 | 63900 |
| 25 | മലയാളഭാഷാശാസ്ത്രം ലേഖന-പ്രബന്ധ ഗ്രന്ഥസൂചി | 700 | 285 | 199500 |
| 26 | ഗവേഷണപഠനവും രീതിശാസ്ത്രവും | 360 | 125 | 45000 |
| 27 | കുമാരനാശാന്റെ രചനാശില്പം | 550 | 233 | 128150 |
| 28 | ബഷീറിന്റെ ലോകങ്ങൾ | 700 | 235 | 164500 |
| 29 | പ്രവണതകൾ | 350 | 281 | 98350 |
| 30 | എം.ടി.യിലേക്കുള്ള വഴികൾ | 1200 | 33 | 39600 |
| 31 | ബാലഡ്സ് ഓഫ് നോർത്ത് മലബാർ | 400 | 244 | 97600 |
| 32 | പതിവ്രതാധർമശതകം | 75 | 280 | 21000 |
| 33 | ചാത്തിരാങ്കം | 250 | 293 | 73250 |
| 34 | ആറ്റൂർ കൃഷ്ണപ്പിഷാരടി ഭാഷാസാഹിത്യചരിത്രം - ഒന്നാം ഭാഗം | 120 | 200 | 24000 |
| 35 | മലയാളഗവേഷണം ചരിത്രവും വർത്തമാനവും | 370 | 304 | 112480 |
| 36 | കീഴാളവിമർശനം | 250 | 45 | 11250 |
| 37 | ദളിത് വൈജ്ഞാനികത | 350 | 20 | 7000 |
| 38 | കഥകളിരംഗം | 620 | 51 | 31620 |
| 39 | കോടതി മലയാളം | 160 | 301 | 48160 |
| 40 | കവനകൗമുദി - മുഖപ്രസംഗങ്ങൾ | 170 | 80 | 13600 |
| 41 | എഴുത്തച്ഛൻ എന്ന പാഠപുസ്തകം | 130 | 270 | 35100 |
| 42 | കേരളഭക്ഷണത്തിന്റെ സംസ്കാരചരിത്രം | 150 | 28 | 4200 |
| 43 | വള്ളത്തോളിന്റെ സഞ്ചാരപഥങ്ങൾ | 585 | 241 | 140985 |
| 44 | അദ്ധ്യാത്മരാമായണം മൂലവും വിവർത്തനവും | 145 | 192 | 27840 |
| 45 | സംസ്കാരപഠനം : പുനഃസന്ദർശിക്കുന്ന ഭൂതം | 140 | 94 | 13160 |
| 46 | നാലകത്ത് കുഞ്ഞിമൊയ്തീൻ കുട്ടിയുടെ ചാർദർവേശ് | 325 | 388 | 126100 |
| 47 | ഭക്തിയും പ്രതിരോധവും | 115 | 92 | 10580 |
| 48 | ഭയത്തിന്റെ മനശ്ശാസ്ത്രം | 140 | 188 | 26320 |
| 49 | കമ്പ്യൂട്ടർ ഭാഷാശാസ്ത്രം | 250 | 142 | 35500 |
| 50 | സാമൂഹ്യശാസ്ത്രം സിദ്ധാന്തങ്ങളുടെ മലയാള വഴികൾ | 210 | 60 | 12600 |

| | | | | |
|---|---|---|---|---|
| 51 | കർസോനി എന്ന സുറിയാനി മലയാളം | 235 | 134 | 31490 |
| 52 | മഹാഭാരതം കിളിപ്പാട്ട് ഒരു പുനർവായന | 70 | 186 | 13020 |
| 53 | എഴുത്തച്ഛനെക്കുറിച്ചെഴുതുമ്പോൾ | 235 | 88 | 20680 |
| ആകെ | | | | 39,04,405 |

ജോയിന്റ് ഡയറക്ടർ
മലയാളം സർവകലാശാല ഓഡിറ്റ് കാര്യാലയം